മാതൃഭൂമി ആഴ്ചപ്പതിപ്പ് 2000 ഡിസംബർ 10 - 16

പുസ്തകം 78 ലക്കം 42 വില 7 രൂപ 176 സൂചികം 25-ധനു 1 1922 ആഗ്രഹായണം 19-25

5/12/2000.

ലേഖനം

6 കവി മാറുന്നതായിത്തോന്നുന്നുവെങ്കിൽ അയാളുടെ അനുഭവങ്ങളം മാറുന്നു എന്നാണർഥം. മാറി വരുന്ന അനുഭവങ്ങളോടു വിശ്വസ്തനാകുന്നതിനുവേണ്ടി തന്റെ ഭാഷയെയും ശില്പത്തെയും നിരന്തരം നവീകരിക്കുന്നതാണ് കവി നേരിടുന്ന വെല്ലുവിളി. ഈ യാത്രയിൽ അയാളം ഏകനാണ്.

കവിതയുടെ നിയോഗം
സച്ചിദാനന്ദൻ



10 **അമ്മസോണും കുറെ വ്യാകുലതകളും-5**
എം.പി. വീരേന്ദ്രകുമാർ

18 **പുണ്യാഹം ഉള്ളിലാണ് വേണ്ടത്**
വിഷ്ണുനാരായണൻ നമ്പൂതിരി

21 **മതവും സംസ്കാരവും**
ഡോ. സി.കെ. രാമചന്ദ്രൻ



മതത്തിന് ചരിത്രമുണ്ട് 29
ഡോ. എം. ഗംഗാധരൻ

ബ്രിസ്ബേൻ: ഈ ടെസ്റ്റും ആ ടെസ്റ്റും 32
വി.സി

നാടകനിയോഗം-17 37
ഭരത് ഗോപി

മാനേജിങ് എഡിറ്റർ: പി.വി. ചന്ദ്രൻ എഡിറ്റർ: കെ.കെ. ശ്രീധരൻ നായർ എക്സിക്യൂട്ടീവ് എഡിറ്റർ: വി. രാജഗോപാൽ
അസിസ്റ്റന്റ് എഡിറ്റർ: ടി. ബാലകൃഷ്ണൻ സബ്ബ് എഡിറ്റർ: എ.പി. മുരളീകൃഷ്ണൻ
ചീഫ് ആർട്ടിസ്റ്റ്സ്: ജെ.ആർ. പ്രസാദ്, മദനൻ സീനിയർ ആർട്ടിസ്റ്റ്: പ്രദീപ്കുമാർ

കവിത

ഗ്ലാസ്നൊസ്റ്റാൽജിയ 8
അക്കിത്തം

ഗ്രഹണതീരം 16
സുറാബ്

ഗീതേ, അമൃതവർഷിണീ 31
പി.എ. ശങ്കരനാരായണൻ

കഥ

വീടു പണിയുമ്പോൾ 26
പി. സുരേന്ദ്രൻ

ഷ്യാണിയും പുഴയും 42
സുജാത

അക്ഷരപുരത്തെക്കുറിച്ച് മൂന്ന് ചരിത്രവിദ്യാർഥികൾ എഴുതിയ കുറിപ്പ് 45
വി.ജെ. ജെയിംസ്

നോവൽ

മുനമ്പ്-6 15
ടി.എൻ. ഗോപകുമാർ

ഒ്യാവു-8 50
എ. വിജയൻ

പംക്തികൾ

വായനക്കാർ എഴുതുന്നു 4 പ്രകൃതിപാഠം 24 ഔഷധച്ചെടികൾ, ശാസ്ത്രം 40 കാൽപാടുകൾ 48 സോപാനം 53 അടുക്കള 55 ബാലപംക്തി 56 വളരുന്ന സാഹിത്യം (എം. ദാമോദരൻ, കെ.പി. സുമതി) 60 വാങ്മയം 61 സാഹിത്യവേദി 63 ദേശീയരേഖ 65 ചിത്രശാല - ഡാർലിങ്, ഡാർലിങ് (ഒ.പി. രാജ്മോഹൻ) 66

മുഖചിത്രം:
ഡിസൈൻ: പ്രസാദ്

പുണ്യാഹം ഉള്ളിലാണ്

വിഷ്ണുനാരായണൻ നമ്പൂതിരി

അരനൂറ്റാണ്ടിനു മുൻപ് കേട്ടുമറന്നതെല്ലാം ഇതാ വീണ്ടും മുളച്ച്, തർക്കവിഷയങ്ങളായി പടർന്ന്, കാടുംപടലും മുറ്റിക്കാണാകുന്നു. ശുദ്ധി, അശുദ്ധി, പുണ്യാഹം, ക്ഷേത്രപ്രവേശനം ഒക്കെ വീറോടെ ചർച്ച ചെയ്യുന്നു. കടുംപിടിത്തം, താക്കീത്, വീരവാദം, ഭീഷണി, അട്ടഹാസം-''ശബ്ദജാലം മഹാരണ്യം ചിത്തഭ്രമണ കാരണം'' എന്ന ശങ്കരവാക്യം അനുഭവപ്രത്യക്ഷമായിരിക്കുന്നു. കേരളം മുന്നോട്ടോ പിന്നോട്ടോ കുതിക്കുന്നത്? നിശ്ചയമില്ല.

എട്ടാം വയസ്സിലാണ് അച്ഛനിൽനിന്ന് പുണ്യാഹം ഞാൻ പഠിച്ചത്; 25 മന്ത്രങ്ങളും ആറ് പാവമാനികളും രണ്ട് സ്വസ്തിസൂക്തങ്ങളും ചേർന്ന് 33 പത്തികളുള്ള യജുർവേദപുണ്യാഹം. എന്റെ ഋഗ്വേദിയായ പേരക്കുട്ടിയെ പഠിപ്പിക്കാൻവേണ്ടി 46 പത്തികളുള്ള ഋക് പുണ്യാഹവും പിൽക്കാലത്ത് ഞാൻ പരിചയിച്ചു. രണ്ടിന്റെയും അടിസ്ഥാന സങ്കല്പം ഒന്നുതന്നെ. ഭൂലോകത്തിലെ കർമ പ്രപഞ്ചങ്ങളുടെ അടിസ്ഥാനമായി വേദം കരുതുന്ന ജലതത്ത്വത്തിൽ അഗ്നിയുടെ സൂക്ഷ്മമായ ഊർജം അടങ്ങിയിരിക്കുന്നു. മൂലകങ്ങളും ജീവരൂപങ്ങളും ഉരുത്തിരിയുന്നതിനു മുൻപുള്ള രൂപരഹിതമായ അവസ്ഥയാണ് ഇത്. (അഗ്നിം യാ ഗർഭം ദധിരേ വി-രൂപാഃ...ആപഃ). അഗ്നിവിദ്യയെ സാക്ഷാത്കരിച്ച യോഗബുദ്ധികൗക്ക് ഈ ഊർജത്തെ വിനിയോഗിച്ച് തന്നെയും പരിസരവസ്തുക്കളെയും ശുദ്ധമാക്കാം. ഇതാണ് പുണ്യാഹമന്ത്രങ്ങൗ പകർന്നുതരുന്ന വിദ്യ. വേദവിദ്യ ആസകലം എപ്രകാരമോ അപ്രകാരം ഇതും ശ്രദ്ധാലുക്കളായ സർവമനുഷ്യർക്കുംവേണ്ടി ആദേശം ചെയ്തിരിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ തരംതിരിച്ച് അധികാരികളെയും അല്പാത്തവരെയും ഒരിടത്തും സൂചിപ്പിക്കുന്നില്ല. മാത്രമല്ല, ''ബ്രഹ്മരാജന്യാഭ്യാം ശൂദ്രായ...'' എന്നും മറ്റും, ഗുണകർമവിഭാഗമനുസരിച്ചുള്ള സമസ്ത വർണങ്ങളിലേക്കും മംഗളകാരികളായ വേദവചസ്സുകൗം എത്തിച്ചുകൊടുക്കൂ! എന്ന വ്യക്തമായ നിർദേശംതന്നെ വേദത്തിൽ കാണാം. സമുദായത്തിലെ ഒരുകൂട്ടർക്ക് സ്വതഃപ്രമാണം വെച്ചുകൊണ്ട് തങ്ങൗം നിശ്ചയിക്കുന്ന ഇതരന്മാരെ ശുദ്ധീകരിക്കാൻ ഈ മന്ത്രങ്ങൗം വിനിയോഗിക്കാം എന്നു കരുതാൻ ഒരു ന്യായവും.ശ്രുതിയിൽനിന്ന് കിട്ടുന്നില്ല.

പിന്നെ എങ്ങനെ ഈ ക്രിയകളും ആചാരങ്ങളും ധാർമികമായ നടപടികളിൽ കടന്നുകൂടി? ദുർബലരെ ചൂഷണംചെയ്യാൻവേണ്ടി സമർഥന്മാർ തഞ്ചംപോലെ തട്ടിക്കൂട്ടിയെടുത്ത അടവുകളാണോ? ''ജീവന്തി ദുർബലൈർ ബലവത്തരാഃ'' എന്ന വ്യാസവാക്യത്തിന്ന് ചരിത്രം വേണ്ടുവോളം തെളിവുതരുന്നതിനാൽ, ആവശം അവഗണിക്കുകവയ്യ. എങ്കിലും ലോകസാധാരണമായ മറ്റൊരു വഴിയുണ്ട്. കാലഗതിയിൽ വേദഭാഷ ദുർഗ്രഹമായിത്തീർന്നതോടെ, അവയ്ക്ക് വ്യാഖ്യാനങ്ങളും ഗൈഡുകളും ആവശ്യമായിവന്നു. അങ്ങനെ സ്മൃതികളും തന്ത്രങ്ങളും മറ്റും ഉടലെടുത്തു. എന്നാൽ, ശ്രുതിയുടെ അർഥത്തെ വെളിപ്പെടുത്താൻ ഉതകുന്നിടത്തോളം മാത്രമേ അവയ്ക്കു പ്രസക്തിയുള്ളൂ. അനുസന്ധാനത്തിന്റെ ഈ അതിർവരമ്പ് കാളിദാസൻ തൊട്ടുകാട്ടുന്നുണ്ട്, രഘുവംശത്തിലൊരു സന്ദർഭത്തിൽ. പക്ഷേ, കാലവും കോലവും തിരിഞ്ഞ ഒരു ദശാസന്ധിയിൽ, യേശുക്രിസ്തുതൊട്ട് ജയപ്രകാശ് നാരായണൻവരെയുള്ള മനുഷ്യസ്നേഹികളുടെ ആദർശങ്ങൗക്കു പിണഞ്ഞിട്ടുള്ള ഗതിവൈപരീത്യം, ശ്രുതിക്കും ഇടക്കാലത്ത് വന്നുപെട്ടു. വ്യാഖ്യാതാക്കളുടെയും പ്രയോക്താക്കളുടെയും കൈയിൽ, സരളമായ ആദിമദർശനം മലിനമായിമാറി. ക്രമേണ അത് അതിന്റെതന്നെ വിപരീതത്തിലേക്ക് വളർന്നു എന്നാണ് ഇപ്പോൗം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വാദകോലാഹലങ്ങൗം വെളിവാക്കുന്നത്. യജ്ഞ

സർട്ടിഫിക്കറ്റ് കാണിച്ച് ദേവാലയത്തിൽ ചെല്ലുക എന്ന വിചിത്ര നടപടി കേരളത്തിനു പുറത്തെങ്ങുമില്ല. ബദരിയിലും ഗംഗോത്രിയിലും കാശിയിലും രാമേശ്വരത്തും ഇല്ലാത്ത 'ശുദ്ധി' ഒന്നും കേരളത്തിലുമില്ല. ചണ്ഡാലനോ ഭ്രഷ്ടനോ ആയാൽപ്പോലും അമ്പലത്തിൽ തൊഴാൻ വരുന്നവന് തൊട്ടുകൂടായ്മ ഇല്ല എന്ന് സ്മൃതിപോലും സമ്മതിക്കുന്നുണ്ടല്ലോ. നമുക്ക് ഇന്ത്യയുടെ മുഖ്യധാരയിലേക്ക് ഇനിയെങ്കിലും ഒഴുകിയെത്തുക!

വേണ്ടത്

ശുദ്ധമനസ്സോടെ അമ്പലത്തിലേക്കു വരുന്ന ഏതൊരാളെയും സ്വീകരിച്ച് പ്രസന്നരായി സ്വാഗതം ചെയ്യുകയാണ് വേണ്ടത്. ഗുരുവായൂരപ്പന്റെ സഹസ്രശീർഷവും സഹസ്രനയനവും സഹസ്രപാദവുമായ രൂപം ഉള്ളിൽക്കണ്ട ഒരു ഭക്തനു് അതിൽ എങ്ങനെ വിസമ്മതം തോന്നുമെന്നു് മനസ്സിലാകുന്നില്ല. ഇന്ത്യയ്ക്കു് ഒരു വേദമേയുള്ളൂ. അതിനെ ലംഘിക്കുകയെന്നാൽ ശ്രേയസ്സിനെ പ്രതിബന്ധിക്കുകയെന്നാണു് അർഥം

നിർവിശേഷമായ കർമവിചാരങ്ങളും എല്ലാദിക്കിൽ നിന്നും ഇവിടേക്കു് വന്നണയട്ടേ! എന്നു് ഉള്ളുണർന്നു് പ്രാർഥിച്ചിരുന്ന ഒരു സംസ്കാരം ഇന്നു്, തന്നിൽ നിന്നു് അന്യമായതെല്ലാം അശുദ്ധിയുളവാക്കുന്നതാകയാൽ അവയെ പുറത്തുനിർത്തുകയോ പുണ്യാഹം തളിക്കയോ ചെയ്യണം എന്ന കൊടുവാശിയിൽ വന്നു് തലകുത്തി നില്ക്കുന്നു.

ഇതു് കലർപ്പില്ലാത്ത വേദനിന്ദ ആണെന്നും സമൂഹശ്രേയസ്സിന്റെ കടവേരിൽ ആഴുന്ന കത്തിയാണെന്നും തെളിഞ്ഞുകണ്ടവർ ആണു് പോയ നൂറ്റാണ്ടിൽ ചരിത്രശുദ്ധീകരണത്തിന്നു് മുന്നിട്ടിറങ്ങിയതു്. ഗുരുവായൂരും വൈക്കവും ഒക്കെത്തന്നെ ആയിരുന്നു അന്നും നിമിത്തങ്ങൾ. ചട്ടമ്പിസ്വാമികളും നാരായണഗുരുവും മന്നത്തു പദ്മനാഭനും ഇതേ നിലപാടുതറയിൽനിന്നു് ഇതേ ലക്ഷ്യത്തിൽ കണ്ണുടക്കി പ്രവർത്തിച്ചവരാണു്. എല്ലാ ചട്ടങ്ങൾക്കുമപ്പുറം സനാതനമായ നിയമം വർത്തിക്കുന്നതു് അവർ തിരിച്ചറിഞ്ഞു. ആകയാൽ ചട്ടംപൊളിച്ചെഴുതാൻ അവർ മടിച്ചിരുന്നില്ല.

ഋഷിവരിഷ്ഠന്മാരുടെ ആ നക്ഷത്രനിരയിൽനിന്നു് ഒരാളെ മാത്രം അടുത്തിരുന്നു് കേൾക്കാനും ആവോളം വെളിച്ചം കുടിക്കാനും എനിക്കു് ഭാഗ്യം കിട്ടിയിട്ടുണ്ടു്. 1977-ൽ ഒരു സായാഹ്നത്തിൽ ഇടിമിന്നൽപോലെ ചിരിപൊഴിച്ചുകൊണ്ടു് വി.ടി. എന്റെ വെള്ളയമ്പലത്തെ വസതിയിലേക്കു് പടിയിറങ്ങിവന്നു. ഒരു നിമിഷം, വെളിവിന്റെ വെള്ളപ്പൊക്കത്തിൽ ഞാൻ പെട്ടു. നടക്കാൻ ലേശം വിഷമിച്ചിരുന്ന എന്റെ അച്ഛനു്, സ്വന്തം ഊന്നുവടി ദാനംചെയ്യുകയാണു് വന്നപാടേ അദ്ദേഹം ചെയ്തത്. ''എന്നെക്കാൾ അങ്ങേയ്ക്കാണു് ഇതിന്റെ ആവശ്യം'' എന്നു പറയുകയും ചെയ്തു. മുത്തച്ഛന്റെ ചിത്രത്തിന്നു മുന്നിൽനിന്നു്, ''മുറജപകാലത്തു് ഇദ്ദേഹത്തിന്റെ പ്രഭാഷണം ഞാൻ കേട്ടിട്ടുണ്ടു്'' എന്നു് ഓർമയുണർത്തി. എന്റെ വിദ്യാഭ്യാസകാലത്തു് വീടുകളിൽ ട്യൂഷൻ പഠിപ്പിക്കാനുംകൂടി പോകാറുണ്ടായിരുന്ന എന്നെ ഒരിക്കൽ ആശ്ലേഷിച്ചു് അനുഗ്രഹിച്ചിട്ടുള്ള ആ വലിയ കാരണവർ, ''താൻ വീടുവെച്ചു് താമസമായെന്നറിഞ്ഞതുമുതൽ ഇവിടെ വന്നു് രണ്ടുദിവസം കൂടാൻ ഒരുങ്ങുകയാണു്'' എന്നു് വാചാപ്രസാദം തന്നിട്ടേ ഇരുന്നു



വി.ടി. ഭട്ടതിരിപ്പാടു്

വി.കെ. നാരായണഭട്ടതിരി



എൻ.എൻ. കക്കാടു്

ള്ളൂ. എന്തൊക്കെയാണദ്ദേഹം ആ രണ്ടുനാൾക്കുള്ളിൽ പറഞ്ഞുതന്നത്? എന്റെ ശംഖിൽ കടൽവെള്ളം തുളുമ്പി എന്നുമാത്രം ഓർക്കുന്നു... മൊഴിത്തരികം ചിലത് പകർത്തിക്കൊള്ളട്ടേ:

-അയിത്തവും അനാചാരണങ്ങളും അടിച്ചുടയ്ക്കാൻ അങ്ങ് ചെയ്ത സാഹസത്തെപ്പറ്റി ഇപ്പോഴും എന്തുതോന്നുന്നു?

-ഉടച്ചുവാർക്കാൻ ശ്രമിച്ചത് നന്നായെന്നുതന്നെ തോന്നുന്നു. നമ്പൂരാർ ഇന്ന് പണിയെടുത്തും പഠിച്ചും ജീവിക്കുന്നു. നമ്പൂരി ക്ഷൗരക്കട തുടങ്ങിയാൽ അവിടെ മുഖം വടിച്ചുകൊടുത്തുകൊണ്ട് ഞാൻ കട ഉദ്ഘാടനം ചെയ്യുമെന്ന് പണ്ട് ഞാൻ പ്രസംഗിച്ചിട്ടുണ്ട്. എന്തുകൊണ്ട് വയ്യ? ക്ഷൗരക്കത്തിയിലും അമ്മിക്കല്ലിലും അഭിമാനിദേവതകം ഉണ്ടെന്നോണ് വേദം പറയുന്നത്. എനിക്ക് പശ്ചാത്താപം ഇല്ല. കഴിഞ്ഞൊരുദിവസം, പരിചയമേ ഇല്ലാത്ത ഒരാം സകുടുംബം വന്ന് എന്നെ നമസ്കരിച്ചിട്ടു പറഞ്ഞു: ''അന്ന് വി.ടി. അങ്ങനെയൊക്കെ ചെയ്തതുകൊണ്ടാണ് ഇന്ന് ഞങ്ങം ഇങ്ങനെ കഴിയുന്നത്'' എന്ന്.

-ആചാരം ശിഥിലമായ ഒരു സമൂഹത്തിന്ന് ഭദ്രമായ അടിത്തറ ഉണ്ടാകുമോ?

-സമൂഹം എന്നാൽ സ്വജനം മാത്രമല്ല. കേരളം മാത്രവുമല്ല. ഇന്ത്യ ഒട്ടാകെ, മനുഷ്യർ ഒട്ടാകെ ഒരു വർഗമാകുന്നു. ആ വർഗത്തിന്റെ ധർമം ആണ് വേദം. നമുക്കു മാത്രമായിട്ട് ഒരാചാരം ഇല്ല. ഉള്ളത് താൽക്കാലികമായ ചിലചിട്ടകം മാത്രമാണ്. അവയാണ് സ്മൃതിയും മറ്റും. അവയും വേദത്തെ അനുവർത്തിക്കാൻമാത്രം ഉള്ളവയാകുന്നു. അവസ്സ് പഴക്കം തട്ടുമ്പോഴം, നാം ആഗമമാണ് പ്രമാണമാക്കേണ്ടത്. ധർമവിചികിത്സയും വൃത്തിവിചികിത്സയും വരുന്ന സന്ദർഭങ്ങളിൽ എന്തുവേണമെന്ന് വേദം പറയുന്നുണ്ട്. സത്യമുള്ള നാലാം കൂടിയിരുന്ന് പുതിയ ചട്ടങ്ങം ഉണ്ടാക്കണം. അത് നിയമം ആകുന്നു. സർക്കാർ നിയമങ്ങം പിന്നാലേ വരുന്നവയാണ്. സത്യത്തിന്റെ പിന്തുണയുള്ള പൗരുഷമാണ് നിയമം സൃഷ്ടിക്കുന്നത്. ഗാന്ധിജി ഉപ്പുവാരി നിയമം രചിച്ചില്ലേ? വേദം മനുഷ്യനെ നിയമത്തിന്ന് അധികാരിയാക്കുന്നു. വിഷ്ണുഭാരവൂർ കുട്ടിങ്ങാടിന്റെ ലേഖനങ്ങം വായിച്ചിട്ടില്ലേ?

-വേദാർഥ വിചാരം എഴുതിയ വി.കെ. നാരായണഭട്ടതിരി?

-അതേ. ആ പുസ്തകത്തിൽ ഉള്ളതിലേറെ, നൂറുകണക്കിന് ലേഖനങ്ങം അദ്ദേഹം എഴുതിയിട്ടുണ്ട്. ഒക്കെ തേടിപ്പിടിച്ച് വായിക്കണം. വേദം പുതിയ മനുഷ്യന്റെ നിയമപ്രേരണയാണ്, എക്കാലത്തും. എല്ലാവരും മനുഷ്യരായിക്കഴിഞ്ഞാൽ പിന്നെ ഓരോരുത്തനും നമ്പൂരിയാവണം, ഈ അർഥത്തിൽ.

-അങ്ങ് പണ്ടൊരിക്കൽ അമ്പലങ്ങംക്ക് തീയിടണം എന്ന് പ്രസംഗിച്ചല്ലോ?

-''വിശ്വം സമ്പത്തിനം ദഹ'' എന്നാണ് വേദം അനുശാസിക്കുന്നത്. ശീട്ടാക്കലും വെച്ചുവിളമ്പും കച്ചവടവും മാത്രമായിത്തീർന്ന അമ്പലം വെറും തീറ്റപ്പണ്ടങ്ങളുടെ താവളമാകുന്നു. അതിനെ അഗ്നിശുദ്ധമാക്കാതെ പറ്റുമോ?

-ജാതിദ്വേഷവും മതഭേദവും ഇല്ലാതായ സമൂഹങ്ങളിലും പുതിയതരം ജാതിഭേദങ്ങം മുളച്ചുവരുന്നതായി കാണാമല്ലോ?

ഉണ്ടാവും. സ്വാഭാവികം. പക്ഷേ, നാളെ അയിത്തം കുരുക്കാനിടയുണ്ടെന്നു പറഞ്ഞ് ഇന്നു മുറ്റം മൂടിക്കിടക്കുന്ന അയിത്തത്തെ വെട്ടിമൂടാൻ അമാന്തിക്കരുത്. ഞാൻ കോൺഗ്രസ്സിൽ പങ്കെടുത്തിട്ടുണ്ട്. രാജ്യത്തിന്ന് മൊത്തത്തിലൊരു ബുദ്ധിയും മനഃസാക്ഷിയും ഉണ്ട്. കാലാകാലങ്ങളിൽ കുമിഞ്ഞുകൂടുന്ന ഇരുട്ടിനെ സ്വയം അകറ്റിനിർത്താൻ സത്യത്തിന്ന് ശക്തിയുണ്ട്. ''ധാമ്നാ സ്വേന സദാ നിരസ്തകുഹകം'' എന്നല്ലേ സത്യത്തെ പറയുന്നത്? ഈ സത്യം മനുഷ്യന്റെ അന്തഃകരണംതന്നെ. അതിനെയാണ് വേദം ഉന്നയിച്ചുകാട്ടുന്നത്, ''സഹി പ്രജ്ഞാനേന സമ്പന്നതമഃ'' എന്നും മറ്റും...

രണ്ടുനാൾ കഴിഞ്ഞ് വി.ടി. പടികയറി, നടന്നുനീങ്ങി ക്രമേണ ചരിത്രത്തിലേക്ക് മറഞ്ഞു. ആയിടയ്ക്ക് ഒരു മിടുക്കൻ കുട്ടി എന്റെ ക്ലാസ്സിൽ എണീറ്റുനിന്നു ചോദിച്ചു: ''സാർ ഈശ്വരനെ കണ്ടിട്ടുണ്ടോ?'' ഞാൻ അറിയാതെ പറഞ്ഞുപോയി: -''ഇല്ല. പക്ഷേ, വി.ടി.യെ കണ്ടിട്ടുണ്ട്.'' ഈശ്വരശക്തികം പ്രപഞ്ചനിയാമകങ്ങം ആണ്.

ഇതറിയാൻ നിരുക്തം മതിയാകും. എന്നാൽ, ''ഈശനക്രിയ''യുടെ ചിട്ടകളാണ് വേദപംക്തികം. ഇത് പറഞ്ഞുതരാൻവേണ്ടി അലയൊടുങ്ങാത്ത വെളിച്ചം ചുറ്റും പ്രസരിപ്പിച്ചുകൊണ്ട് ''എട്ടുചാണിലധികം വളർച്ചയില്ലാത്ത'' വി.ടി. നമ്മുടെ കൺമുൻപിലൂടെ കടന്നുപോയത് എന്റെ തലമുറയുടെ സുകൃതം.

വി.ടി.യുടെ വെടിവട്ടം നടന്ന അതേകാലത്ത് തിരുവല്ലയിലെ തുകലശ്ശേരി ആശ്രമത്തിൽ, അവർണരെ ഉപനയനം കഴിച്ച് മന്ത്രാധികാരികളാക്കി, ക്ഷേത്രങ്ങളിൽ ശാന്തിക്ക് യോഗ്യത നല്കുന്ന ഒരു പഠനപദ്ധതി നടപ്പുണ്ടായിരുന്നു. അത് ഉദ്ഘാടനം ചെയ്തതും പാഠ്യക്രമം നിശ്ചയിച്ചതുമെല്ലാം എന്റെ ''വക്കീൽ അപ്പൻ'' ആയിരുന്നു. പഴയ മദിരാശി സംസ്ഥാനത്തുനിന്ന് ഒന്നാം റാങ്കിന്റെ സ്വർണമെഡൽനേടി ബിരുദം സമ്പാദിച്ച അദ്ദേഹം ഗാന്ധിയും തക്ലിയും ഉപ്പും ഗീതയുംകൊണ്ട് സംതൃപ്തനായി, ഉദ്യോഗവിജയങ്ങൾക്കെല്ലാം പുറംതിരിഞ്ഞുജീവിച്ച പരമസാത്വികൻ ആയിരുന്നു.

അദ്ദേഹത്തെ ഗുരുതുല്യം ആദരിച്ചിരുന്ന ജി. കുമാരപിള്ളസാർ വഴിയാണ് ഞാൻ അപ്പൻ പൊതുജീവിതത്തെപ്പറ്റി പലതും അറിഞ്ഞിട്ടുള്ളത്. ചിതലരിച്ച പഴംപ്രമാണങ്ങളുമായി അദ്ദേഹത്തിന്റെ വേദപഠനപദ്ധതിയെ നേരിടാൻ അന്ന് ആരും ധൈര്യപ്പെട്ടില്ല-ഇന്നാണെങ്കിലോ?

(ശേഷം 39-ൽ)

യജ്ഞ നിർവിശേഷമായ കർമവിചാരങ്ങം എല്ലാദിക്കിൽനിന്നും ഇവിടേക്ക് വന്നണയട്ടേ എന്ന് ഉള്ളുണർന്ന് പ്രാർഥിച്ചിരുന്ന സംസ്കാരം ഇന്ന്, തന്നിൽനിന്ന് അന്യമായതെല്ലാം അശുദ്ധിയുളവാക്കുന്നതാകയാൽ അവയെ പുറത്തുനിർത്തുകയോ പുണ്യാഹം തളിക്കയോ ചെയ്യണം എന്ന കൊടുംവാശിയിൽ വന്ന് തലകുത്തിനില്ക്കുന്നു

പുണ്യാഹം ഉള്ളിലാണ് വേണ്ടത്

(20-ൽ നിന്ന് തുടർച്ച)

കക്കാടിന്റെ നാടകം 'അവിഘ്നമസ്തു' ഓർമവരുന്നു. 'സപരിവാരം പൂജ' എഴുതിയ മഹാതന്ത്രിയുടെ മകനാണല്ലോ, കവിതയെ യജ്ഞദീക്ഷയാക്കിയ അദ്ദേഹം. ഞാറുമുളച്ച പാടംമുക്കിക്കൊണ്ട് വെള്ളം കുത്തിയൊഴുകുന്ന സമയത്ത് കൈയുംകെട്ടി നോക്കിനില്ക്കുകയല്ല ആസ്തികന്റെ, ധാർമികന്റെ, മുറ എന്ന് ഉദ്ദാലകനിലൂടെ അദ്ദേഹം പ്രഖ്യാപിക്കുന്നു. തന്റെ തടി മണ്ണാക്കിക്കൊണ്ട് ചിറകെട്ടി സ്വയം വയലിനെ രക്ഷിച്ച ഉദ്ദാലകൻ, പുതിയ ഉദയത്തിൽ പൊൻനാമ്പായി പുനർജനിക്കുന്നുണ്ട്. സമൂഹത്തിലെ ചിന്തിക്കുന്നവർക്കുവേണ്ടി കവി ഒരുസത്യം ഇതിൽ ഒതുക്കിവെച്ചിരിക്കുന്നു. പ്രബുദ്ധമായ പൗരുഷമാണ് ചരിത്രത്തിന്റെ ചാലകശക്തി. ഗുരുവായൂർ തന്ത്രിയോ അതോ ക്ഷേത്രസമിതിയോ സർക്കാരോ ചട്ടം മാറ്റേണ്ടത് എന്ന് തർക്കിച്ചിരിക്കുന്നത് ചലനത്തിന്റെ ലക്ഷണമല്ല. നിയമത്തിന്റെ പിന്നാലേ ചട്ടം എന്നാണ് വി.ടി.യുടെ മാതൃക. നിയമം നാം ആണ് സൃഷ്ടിക്കേണ്ടത്. പരിഷ്കൃത ലോകത്ത് കേരളത്തിന്റെ പോക്ക് പിന്നാക്കമാണെന്ന് ഉറപ്പുള്ളവർ സ്വയം ചുവട് തിരുത്താൻ തയ്യാറാകണം. സർട്ടിഫിക്കറ്റ് കാണിച്ച് ദേവാലയത്തിൽ ചെല്ലുക എന്ന വിചിത്രനടപടി കേരളത്തിന്നു പുറത്തെങ്ങും ഇല്ല. ബദരിയിലും ഗംഗോത്രിയിലും കാശിയിലും രാമേശ്വരത്തും ഇല്ലാത്ത 'ശുദ്ധി' ഒന്നും കേരളത്തിലും ഇല്ല. ചണ്ഡാലനോ ഭ്രഷ്ടനോ ആയാൽപ്പോലും അമ്പലത്തിൽ തൊഴാൻവരുന്നവന് തൊട്ടുകൂടായ്മ ഇല്ല എന്ന് സ്മൃതിപോലും സമ്മതിക്കുന്നുണ്ടല്ലോ. നമുക്ക് ഇന്ത്യയുടെ മുഖ്യധാരയിലേക്ക് ഇനിയെങ്കിലും ഒഴുകിയെത്തുക! ''മിത്രസ്യാഹം ചക്ഷുഷാ സർവാണി ഭൂതാനി സമീക്ഷേ'' എന്നു ചൊല്ലിക്കൊണ്ട് യജുർവേദികളും, ''സമാനീവ ആകൂതിഃ സമാനാ ഹൃദയാനി വഃ'' എന്നു പ്രാർഥിച്ചുകൊണ്ട് ഋഗ്വേദികളും*ശുദ്ധമനസ്സോടെ അമ്പലത്തിലേക്കുവരുന്ന ഏതൊരാളെയും സ്വീകരിച്ച് പ്രസന്നരായി സ്വാഗതം ചെയ്യുകയാണ് വേണ്ടത്. ഗുരുവായൂരപ്പന്റെ സഹസ്രശീർഷവും സഹസ്രനയനവും സഹസ്രപാദവുമായ രൂപം ഉള്ളിൽക്കണ്ട ഒരു ഭക്തനന്ന് അതിൽ എങ്ങനെ വിസമ്മതം തോന്നുമെന്ന് മനസ്സിലാകുന്നില്ല.

നാം വെറുതേ ക്ഷുദ്രം ചിന്തിച്ചിരുന്നിട്ട് കാര്യമില്ല. ഇന്ത്യ ഒരു ജനതയാണ്. ഇന്ത്യയ്ക്ക് ഒരു വേദമുണ്ട്; ഒരു വേദമേ ഉള്ളൂ. ഏതുതരം വിശ്വാസിക്കും അവിശ്വാസിക്കും അത് അവകാശപ്പെട്ടതാകുന്നു. അതിനെ ലംഘിക്കുക എന്നാൽ ശ്രേയസ്സിനെ പ്രതിബന്ധിക്കുക എന്നാണ് അർഥം. ''മാ മാ ബ്രഹ്മ നിരാകരോത്'' (അരുതേ, അരുതേ, വേദത്തെ നിരാകരിക്കരുതേ!) എന്ന ശാന്തിപാഠത്തിന്നു പിന്നാലെ, ''ഇല്ല, ഇല്ല, ഞാൻ വേദത്തെ കൈവിടില്ല!'' (അനിരാകരണമസ്തു, അനിരാകരണമസ്തു) എന്ന പ്രതിജ്ഞയും എടുക്കാറുണ്ടല്ലോ. മറിച്ചായാലുള്ള അപകടം ബോധ്യമാകാൻവേണ്ടി ഒരു സമീപകാലചരിത്രം ഉദാഹരിച്ചുകൊള്ളട്ടേ: വൈക്കം സത്യാഗ്രഹകാലത്ത് ഗാന്ധിജി, യാഥാസ്ഥിതികനേതാവായ ഇണ്ടന്തുരുത്തി നമ്പ്യാതിരിയെ അങ്ങോട്ടുചെന്ന് കണ്ട് തൊഴുകൈയോടെ അഭ്യർഥിച്ചു-അവർണരെ വഴിനടക്കാൻ സമ്മതിക്കണം എന്ന്. ചട്ടങ്ങൾക്കു മുൻപ് നിയമം സൃഷ്ടിക്കുക എന്ന വേദശൈലിയാണ് ഗാന്ധിജി നിർദേശിച്ചത്. നമ്പ്യാതിരി വഴങ്ങിയില്ല. കാലം കടന്നു. ചട്ടങ്ങളും വരുകയും പോകുകയുംചെയ്തു. എത്രയോ തലമുറ സ്വാധ്യായം ചെയ്തിരുന്ന ഇണ്ടൻതുരുത്തി ഇല്ലത്തിന്റെ ഭിത്തിമേൽ ഇന്ന് ''ചെത്തുതൊഴിലാളി യൂണിയൻ ആപ്പീസ്'' എന്ന ബോർഡ് തൂങ്ങുന്നു: മേമ്പൊടി സഹിക്കാത്തവന്ന് ധാര!

ഈശ്വരശിക്ഷയെ ഭയപ്പെടുന്നവൻ വേദനിന്ദയാണ് ഒഴിവാക്കേണ്ടത്. ഗുരുവായൂരപ്പനെ അനുഭവപ്രത്യക്ഷമാക്കിയ മേല്പുത്തൂർ പറയുന്നു: ഫലം നന്നായാലും ചീത്തയായാൽക്കൂടിയും വേദത്തെ അനുവർത്തിക്കാനാണ് ആദേശം. ആകയാൽ, വേദനിഷിദ്ധമായ ഒന്നിലുംതന്നെ മനസ്സോ വാക്കോ പ്രവൃത്തിയോ വ്യാപരിക്കാതെയിരിക്കട്ടേ!

''വേദൈഃ സർവാണി കർമാ-
ണ്യഫല പരതയാ
വർണിതാ നീതി ബുദ്ധ്യാ
മാഭൂദ് വേദൈർ നിഷിദ്ധേ
കുഹചിദപി മനഃകർമ-
വാചാം പ്രവൃത്തിഃ'' (നാരായണീയം, 92)

* എല്ലാ പ്രാണികളെയും മിത്രമായിക്കാണട്ടേ എന്നും സങ്കല്പങ്ങളും ഹൃദയങ്ങളും ഒന്നായിത്തീരട്ടേ എന്നും താത്പര്യം.

മതവും സംസ്കാരവും

സർവമതങ്ങളും സത്യമാണെന്ന് അംഗീകരിക്കുന്ന സനാതന മതമായിരുന്നു ഭാരതത്തിൽ ഉണ്ടായിരുന്നത്. ജീവിത രീതികളുടെ ഉള്ളിൽ പ്രതിഭാസിക്കുന്ന ഒരാത്മാനുഭൂതിയുടെ തത്ത്വശാസ്ത്രമായി അത് വളർന്നുവന്നു. വിശ്വജനീനമായ ആത്മാനുഭൂതിയുടെ പ്രാധാന്യം മൂലമാണ് ആർഷധർമം എല്ലാ വിശ്വാസങ്ങളെയും ഉൾക്കൊണ്ട് എല്ലാ ഭിന്നതകളെയും സമന്വയിപ്പിക്കുന്ന വിശാല ദർശനമായി വളർന്നത്

ഡോ. സി.കെ. രാമചന്ദ്രൻ

ഏകലോകം എന്ന ആശയം പ്രകീർത്തിക്കുന്ന ഒരു യജുർവേദമന്ത്രം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ആരംഭിച്ചുകൊള്ളട്ടെ. അന്ന് മതങ്ങളൊന്നുമില്ല. പ്രപഞ്ചത്തിന്റെ ഭാഗധേയം നിർണയിക്കുന്ന ഒരദൃശ്യശക്തിയുണ്ടെന്നു വിശ്വസിച്ച് ആ ശക്തിയെ വിവിധ നാമങ്ങളിലും വ്യത്യസ്ത രീതികളിലും ആരാധിച്ചുപോന്ന പല ജനവിഭാഗങ്ങളും ലോകത്തിന്റെ നാനാകേന്ദ്രങ്ങളിലും ഉണ്ടായിരുന്നു. വൈദികഋഷികളും ആ ജനവിഭാഗങ്ങളെ ഉദ്ദേശിച്ച് ഐക്യത്തിനുവേണ്ടി ആഹ്വാനം ചെയ്യുകയാണ് ഈ മന്ത്രത്തിൽ.

''യത്ര വിശ്വം ഭവത്യേക നീഡം''
ശുക്ലയജുർവേദം-മാദ്ധ്യന്ദിന സംഹിത 32-8.
കാണ്വ സംഹിത 35-27.
''യത്ര വിശ്വം ഭവത്യേക നീഡം''
തൈത്തിരീയ ആരണ്യകം 12-1-3.

കിളികൾക്ക് കൂടെന്നപോലെ ഈ വിശ്വജനതയ്ക്ക് ഭൂമി ഒരു കൂടായി ഭവിക്കട്ടെ എന്ന പ്രാർഥനയുടെ പ്രകാശമാണ് നാം ഈ മന്ത്രത്തിൽ കാണുന്നത്.

നൂറുവർഷങ്ങൾക്കു മുൻപ് ചിക്കാഗോവിൽ നടന്ന ആദ്യത്തെ ലോകമത മഹാസമ്മേളനത്തിൽ ലോകശ്രദ്ധ മുഴുവൻ ആകർഷിച്ച ഒരു സംഭവം ഇവിടെ ചൂണ്ടിക്കാണിക്കുന്നു. 'ബാറോവി'ന്റെ 'ഹിസ്റ്ററി ഓഫ് ദ വേൾഡ്സ് പാർലമെന്റ് ഓഫ് റിലീജിയൻസ്'' എന്ന കൃതിയാണ് ആധാരം. സമ്മേളനം ആരംഭിക്കുന്നതിന്റെ നാന്ദിയായി ഏഴായിരത്തോളം പ്രതിനിധികളിൽ ഭൂരിഭാഗവും ഒരേ സ്വരത്തിൽ ദൈവത്തെ തുടർച്ചയായി പ്രകീർത്തിച്ചു.

''സ്വർഗീയമായ അനുഗ്രഹങ്ങൾ വർഷിക്കുന്ന ദൈവത്തെ സ്തുതിപ്പിൻ.
ഭൂമിയിലെ എല്ലാ സൃഷ്ടിജാലങ്ങളും അവനെ സ്തുതിപ്പിൻ;
സ്വർഗത്തിലെ അവന്റെ സകല ദൂതന്മാരായുള്ളോരെ, അവനെ സ്തുതിപ്പിൻ;
പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിപ്പിൻ.

ചില പ്രാരംഭ സഭാ പരിപാടികൾക്ക് ശേഷമാണ്, സഭാവാസികളെ മുഴുവൻ ആകർഷിച്ച സംഭവം നടന്നത്. അരോഗദൃഢഗാത്രനും തേജസ്വിയുമായ ഒരു യുവയോഗി സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് ''അമേരിക്കയിലെ സഹോദരീ സഹോദരന്മാരെ'' എന്ന് അയ്യായിരം കൊല്ലം പഴക്കമുള്ള ഭാരതത്തിന്റെ ശബ്ദത്തിൽ പറഞ്ഞപ്പോൾ, എല്ലാ സഭാംഗങ്ങളും ഒന്നിച്ചെഴുന്നേറ്റുനിന്നു

മിനുട്ടുകളോളം കരഘോഷം മുഴക്കി. യുവയോഗി പ്രസംഗം തുടർന്നു: ''ലോകത്തിന്റെ പ്രാചീനതമമായ ഋഷിസമൂഹത്തിന്റെ നാമത്തിൽ ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. ആ ഋഷിസമൂഹത്തിലെ അംഗം മാത്രമായിരുന്നു ഗൗതമ ബുദ്ധൻ എന്നോർക്കുക. സർവമതങ്ങളുടെയും ജനനിയായ സനാതനധർമത്തിന്റെ നാമത്തിലും ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. ബുദ്ധ-ജൈനമതങ്ങൾ ആ സനാതനധർമത്തിന്റെ ശാഖകൾ മാത്രം. വിവിധ ജാതി മത വിശ്വാസങ്ങളിൽ ജീവിക്കുന്ന ഭാരതത്തിന്റെ ജനകോടികളുടെ നാമത്തിലും ഞാൻ നിങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.''

''സഹിഷ്ണുതയും സാർവത്രികാംഗീകാരവുമുള്ള ഒരു മതത്തിന്റെ ഭാഗമെന്ന നിലയിൽ ഞാൻ അത്യധികം അഭിമാനം കൊള്ളുന്നു. സാർവജനീനമായ സഹിഷ്ണുതയിൽ വിശ്വസിക്കുന്നതോടൊപ്പം സർവമതങ്ങളും സത്യമാണെന്ന് അംഗീകരിക്കുവാൻ ഞങ്ങൾ സന്നദ്ധമാണ്. ഞാൻ വിശ്വസിക്കുന്ന മതത്തിന്റെ വിശുദ്ധമായ ഭാഷയിൽ അതായത് സംസ്കൃതത്തിൽ, ഏതെങ്കിലും ഒന്നിനെ, ഒഴിവാക്കുന്നതായി സൂചിപ്പിക്കുന്ന ഒരു പദം പോലുമില്ല. ഈ ഭൂമിയിലെ സർവരാഷ്ട്രങ്ങളിലെയും നിന്ദിതരായ ശരണാഗതികൾക്ക് അഭയം നല്കിയ ഒരു രാഷ്ട്രത്തിന്റെ സന്താനമാണെന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. റോമൻ സാമ്രാജ്യത്തിന്റെ ആക്രമണത്തിൽ സർവതും നഷ്ടപ്പെട്ട് അഭയാർഥികളായി ഭാരതത്തിൽ എത്തിയ ഇസ്രായിലികൾക്ക് ദേവാലയം നിർമിക്കുവാനും സർവസ്വാതന്ത്ര്യത്തോടുകൂടി വസിക്കുവാനും അവസരം നല്കിയ രാഷ്ട്രമാണ് എന്നേറെത്. സൗരാഷ്ട്രിയൻ സംസ്കാരത്തിന്റെ അന്തിമാവശിഷ്ടങ്ങൾക്ക് ഇപ്പോഴും സംരക്ഷണം നല്കുന്ന മതത്തിന്റെ ഭാഗമാണ് ഞാൻ.....

വിഭാഗീയസ്പർദ്ധയും അതിന്റെ ഭീകരസന്തതിയായ മതഭ്രാന്തും ഏറെക്കാലമായി ഈ മനോഹരമായ ഭൂമിയെ ദുർഭൂതമായി ആവേശിച്ചിരിക്കുന്നു. അത് അക്രമം അഴിച്ചുവിടുകയും മനുഷ്യരക്തം കൊണ്ട് ഈ മണ്ണിനെ മലിനമാക്കുകയും സംസ്കാരകേദാരങ്ങളെ നശിപ്പിക്കുകയും എല്ലാ രാഷ്ട്രങ്ങളെയും നൈരാശ്യത്തിലാഴ്ത്തുകയും ചെയ്തിരിക്കുന്നു. പക്ഷേ, അതിന്റെ അന്ത്യം അടുത്തിരിക്കുന്നു. വിവിധ മതപ്രതിനിധികളുടെ ബഹുമാനാർഥം ഇവിടെ ഈ പാർലമെന്റിൽ ഇന്ന് പ്രഭാതത്തിൽ മുഴക്കിയ മണിനാദം മതഭ്രാന്തിന്റെ മരണമണിയുടെ മുഴക്കമാണ് (കരഘോഷം). എതിരഭിപ്രായങ്ങളുടെ നേരെ വാളോങ്ങുന്ന സമ്പ്രദായത്തിന്റെ മരണമണിയാണത്.''

1893 സപ്തംബർ 11-ാംനു ചിക്കാഗോവിലെ ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് അമേരിക്കയിലെ കത്തോലിക്കാപ്പള്ളിയുടെ പരമോന്നത പുരോഹിത ശ്രേഷ്ഠനായ കാർഡിനാൾ ഗിബൽസിന്റെ സർവാധ്യക്ഷതയിൽ ചേർന്ന ലോകമതമഹാസമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗമാണിത്.

അനാദി

സർവമതങ്ങളും സത്യമാണെന്ന് അംഗീകരിക്കുന്ന മതത്തിലേക്ക് ഒന്നു കടന്നുനോക്കാം. പ്രധാന മതങ്ങളുടെ ആവിർഭാവത്തിന് എത്രയോ വർഷങ്ങൾക്ക് മുൻപ് ഭാരതത്തിൽ ആത്മീയമായ പ്രബുദ്ധത വളർന്ന് വികസിച്ച് ഔന്നത്യത്തിൽ എത്തുകയുണ്ടായി. ആചാരങ്ങളുടെയും ജീവിതരീതികളുടെയും ഉള്ളിൽ പ്രതിഭാസിക്കുന്ന ഒരാത്മാനുഭൂതിയുടെ തത്ത്വശാസ്ത്രമായിട്ടാണ് സനാതനമതം എന്ന പേരിൽ ഒരു മതം കാലക്രമത്തിൽ ഇവിടെ വളർന്നുവന്നത്. എല്ലാ മതങ്ങൾക്കും ചൂണ്ടിക്കാണിക്കാവുന്ന സ്ഥാപകന്മാരും പ്രചാരകന്മാരും ഉണ്ടെങ്കിലും ഹിന്ദുമതം എന്നു പിന്നീട് അറിയപ്പെടുന്ന മതത്തിന് അതൊന്നുമുണ്ടായിരുന്നില്ല. ഹിന്ദു എന്ന വാക്കുതന്നെ ആർഷഗ്രന്ഥങ്ങളിലൊന്നുമില്ല. അത് ഒരു പേർഷ്യൻ വാക്കാണത്രെ. ഹിന്ദു മതത്തെ അഥവാ അതുൾക്കൊള്ളുന്ന തത്ത്വത്തെ പ്രാചീന ആർഷഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരുന്നത് 'ബ്രഹ്മവിദ്യ' യെന്നും 'ആത്മവിദ്യ'യെന്നുമുള്ള പദങ്ങൾകൊണ്ടാണ്, അതുപയോഗിച്ചിട്ടുള്ളത് ഭാരതീയം എന്ന സങ്കുചിതമായ അർഥത്തിലല്ല, വിശ്വജനീനമായ പശ്ചാത്തലത്തിലാണ്. സാർവലൗകികവും സാർവകാലികവുമായ ഈ അനുഭൂതിപ്രാധാന്യം കാരണമാണ് ആർഷധർമം എല്ലാ വിശ്വാസങ്ങളെയും ഉൾക്കൊള്ളുന്നതും എല്ലാ ഭിന്നതകളെയും സമന്വയിപ്പിക്കുന്നതും എല്ലാറ്റിനെയും ആശ്ലേഷിക്കുന്നതുമായ വിശാല ദർശനമായിത്തീർന്നത്.

ഈ സാർവജനീനതമൂലമാണ് ഭാരതീയ ജ്ഞാനനിഷ്ഠാതരായ പാശ്ചാത്യർ, ഹൈന്ദവ ദർശനത്തെ അനുമോദിക്കുവാനും അംഗീകരിക്കുവാനും മുന്നോട്ട് വന്നത്. മാത്രമല്ല ഈ സഹിഷ്ണുതയുടെ അസാധാരണ സ്വഭാവത്തെ വിശദീകരിക്കുവാൻ അവർ പ്രത്യേക സംജ്ഞകൾതന്നെ സൃഷ്ടിക്കുകയുണ്ടായി. മാക്സ് മുള്ളർ 'ഫിനോത്തിസം' എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. ഓക്സ്ഫോർഡിലെ മതതാരതമ്യപഠനത്തിന്റെ പ്രൊഫസറായ ബൊക്കെ 'തിയോക്രസി' എന്ന പദം ഉപയോഗിച്ചു. സി.ഇ.എം. ജോഡ് ഇതിനെ സഹിഷ്ണുതയുടെ ഉന്നതമായ പ്രകടനം എന്നു വിശേഷിപ്പിക്കുന്നു. ഈ വാക്കുകളെക്കൊണ്ട് ഉദ്ദേശിക്കുന്ന അർഥം സാധാരണക്കാരനായ ഒരു പാശ്ചാത്യനു മനസ്സിലാക്കുവാൻ വിഷമമാണ്. എന്നാൽ ഭാരതത്തിലെ ഏതു പാമരനും ഈ വാക്കുകളുടെ ആശയം കേട്ടപടി മനസ്സിലാകും. എന്തെന്നാൽ ആ ആശയത്തിന്റെ ഉറവിടം വേദമാണ്. ''സത്ത് ഒന്നുതന്നെ. വിജ്ഞാനികൾ പലയിടത്തും വിവിധതരത്തിൽ അത് വ്യാഖ്യാനിക്കുന്നു'' എന്നുമാത്രം.

പരമമായ ചൈതന്യം

ഇന്ദ്രം മിത്രം വരുണമഗ്നിമാഹുഃ
രഥോ ദിവ്യസ സുപർണോ ഗരുത്മാൻ
ഏകം സത്വിപ്രാ ബഹുധാ വദന്തി
അഗ്നിം യമം മാതരിശ്വാനമാഹുഃ (ഋഗ് 1-164-46)

''ഫിനോത്തിസം'' എന്നാൽ താൻ ആരാധിക്കുന്ന ദൈവം ഒരു പ്രത്യേക സങ്കല്പത്തോടുകൂടിയതാണെങ്കിലും മറ്റുള്ളവരുടെ ആരാധനാസമ്പ്രദായങ്ങളെയും അംഗീകരിക്കുന്നതിൽ വൈമുഖ്യമില്ല എന്ന ദർശനമാകുന്നു. എന്നാൽ 'തിയോക്രസി' എന്ന വാക്കിന്റെ അർഥം പല ദൈവങ്ങളുടെയും പേരിലുള്ള ആരാധന ഒരേ ഒരു ദൈവത്തിൽ എത്തിച്ചേരുന്നു എന്നാണ്. ഉപനിഷത്കർത്താക്കൾ പരമ ചൈതന്യമായിട്ടാണ് ആ ശക്തിസ്വരൂപത്തെ ഉദ്ഘോഷിക്കുന്നത്.

അണോരണീയാൻ മഹതോ മഹീയാൻ
ആത്മാ സ്യജന്തോർ നിഹിതോ ഗുഹായാം'' എന്ന്
ഒരു വിശദീകരണമുണ്ട്. അണുവിനേക്കാൾ സൂക്ഷ്മവും ഏറ്റവും വലുതിനേക്കാൾ വലുതുമാണ് ആ പരമ ചൈതന്യം. മറ്റൊരുതരത്തിൽ പറഞ്ഞാൽ സമസ്ത പ്രപഞ്ചത്തിലും അടങ്ങിയിരിക്കുന്ന ശക്തിയും ഒരു പരമാണുവിൽ അടങ്ങിയിരിക്കുന്ന ശക്തിയും ഒന്നുതന്നെ. ആ ചൈതന്യം ഒരു രാജ്യത്തിന്റെയോ ഒരു ജനതയുടെയോ മാത്രമല്ല. ആ ചൈതന്യം പ്രപഞ്ചം മുഴുവൻ നിറഞ്ഞുനില്ക്കുന്നു. ഭഗവദ്ഗീതയിലെ വിശ്വരൂപാദ്ധ്യായത്തിൽ ഇതേ ആശയത്തെയാണ് വിശദീകരിക്കുന്നത്.

''പിതാസി ലോകസ്യ ചരാചരസ്യ
ത്വമസ്യ പൂജ്യശ്ച ഗുരുർഗരീയാൻ
ന ത്വൽ സമോഽസ്ത്യഭ്യധികഃ കുതോന്യോ
ലോകത്രയേപ്യ പ്രതിമ പ്രഭാവ.'' (ഗീത 11-43)

ചരാചരങ്ങളെക്കൊണ്ട് നിബിഡമായ ഈ പ്രപഞ്ചത്തിന്റെ പിതാവാണ് അങ്ങ്. മാത്രമല്ല എല്ലാവരാലും പൂജിക്കപ്പെടുവാൻ അർഹനും ശ്രേഷ്ഠനുമായ ഗുരുവുമാകുന്നു. അങ്ങ് അതുല്യനാണ്. അങ്ങ് ഏകനാണ്. ഈ മൂന്നുലോകങ്ങളിൽ വെച്ച് അമിത പ്രഭാവനായി അങ്ങ് മാ

എഴുത്ത് മതം ആധ്യാത്മികത

സക്കറിയ

മതവും ആദ്ധ്യാത്മികതയും സംസ്കാരങ്ങളുടെ ജന്മത്തോടൊപ്പം മുതൽ മനുഷ്യനോട് കൂടിയുണ്ടായിരുന്നു. എഴുത്തും ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ, ആദിമകാലങ്ങം മുതൽ സംസ്കാരങ്ങളുടെ സഹയാത്രികനാണ്. മതവും ആദ്ധ്യാത്മികതയും മറ്റെല്ലാവരോടുമൊപ്പം, എഴുത്തുകാരനും പങ്കുവെയ്ക്കുന്ന പൊതുസാംസ്കാരിക ഘടകങ്ങളാണ്. എഴുത്തുകാരന് അഥവാ എഴുത്തുകാരിക്ക് മതം സ്വന്തം ജീവിതത്തിൽ ആവശ്യമില്ല എന്നു വന്നാൽപോലും അവർ തങ്ങളുടെ കൃതികളിൽ ചിത്രീകരിക്കുന്ന ലോകത്തിലെ കഥാപാത്രങ്ങളിലൂടെ മതം പ്രത്യക്ഷപ്പെടുന്നതായി കാണാം. ഒരു കഥാപാത്രത്തിന്റെ പേര് തിരഞ്ഞെടുക്കുന്ന നിമിഷംതന്നെ മതം പ്രവേശിച്ചുകഴിയുന്നതായി കാണാം. മലയാളത്തിൽ കഥയെഴുതുന്ന ഒരാം കഥാനായകനെ മാധവൻ എന്നു വിളിക്കുമ്പോളും മൻസൂർ എന്നു വിളിക്കുമ്പോളും താനറിയാതെ, അല്ലെങ്കിൽ അറിഞ്ഞ്, മതപരമായ തിരഞ്ഞെടുപ്പ് നടത്തുകയാണ്. കാരണം മതം മനുഷ്യന്റെ നാമകരണത്തിൽനിന്ന്തന്നെ, തായ്വേരിൽനിന്ന്തന്നെ, ആരംഭിക്കുന്ന പ്രതിഭാസമാണ്. ഒരുവനിടുന്ന പേര് അവന്റെ മേൽ എന്നന്നേക്കുമായി മതത്തിന്റെ -ചിലയിടങ്ങളിൽ ജാതിയുടെയും-അടയാളമിടുന്നു. അവൻ ആ മതത്തിൽ നിന്ന് വിമുക്തനായി സ്വതന്ത്രനായാലും പേര് അവന്റെ മതപരമായ ആഗമനചരിത്രത്തിന്റെ കൈചൂണ്ടിയായി നിലകൊള്ളും. മാധവിക്കുട്ടി എന്ന കമലാദാസ് മതവും പേരും മാറി സുരയ്യാ ആയെങ്കിലും മാധവിക്കുട്ടിയുടെയും കമലാദാസിന്റെയും

മതത്തിന്റെ ഭാവി ഇരുണ്ടതാണെന്ന് ഞാൻ കരുതുന്നില്ല. ശാസ്ത്രത്തോടൊത്തു ചേർന്ന്, ധ്യാനത്തോടൊത്തു ചേർന്ന്, തത്ത്വചിന്തയോടൊത്തു ചേർന്ന് ഒരു ദിവസം അത് ആധ്യാത്മികതയായി മാറും. ഒരിക്കൽ അത് മനുഷ്യാത്മാവിനെ സ്വതന്ത്രമാക്കുന്ന ഉപകരണമായി ഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അന്നാണ് യേശുവും മുഹമ്മദും കൃഷ്ണനുമെല്ലാം ഒരുപക്ഷേ, ഉയിർത്തെഴുന്നേൽക്കുക

പുസ്തകങ്ങളിൽക്കൂടി ആ പേരുമാറ്റം പ്രത്യക്ഷപ്പെട്ടെങ്കിലേ, മാധവിക്കുട്ടിക്ക് മതപരമായ തന്റെ പുതിയ വ്യക്തിത്വം ഒരു പരിധിവരെയെങ്കിലും പൂർണമായി ഉറപ്പാക്കാൻ സാധിക്കുകയുള്ളു എന്നതാണ് വാസ്തവം. മാധവിക്കുട്ടിയുടെ ഭൂതകാലത്തിന്റെ മതം പഴയ പേരുകളിലൂടെ അവരെ പിന്തുടരുന്നു. കഥാപാത്രങ്ങളുടെ പേരുകൾ മാത്രമല്ല, സ്വന്തം പേരും, അങ്ങനെ, ഒരെഴുത്തുകാരനെയോ എഴുത്തുകാരിയേയോ മതപരമായി തരം തിരിക്കുന്നതായി കാണാം. അത്യുന്നും രൂഢമൂലമാണ്, മതത്തിന്റെ, വ്യക്തികളുടെ മേലുള്ള അദൃശ്യമായ അധികാരം. ഗർഭസ്ഥശിശുവിനുവേണ്ടി നടത്തുന്ന പ്രാർത്ഥനയിൽ തുടങ്ങി, പേരിടീലിലൂടെയും വിവാഹത്തിലൂടെയും, മരണാനന്തരകർമ്മങ്ങളിൽ വരെ, മതം ശരാശരി മനുഷ്യനോടൊപ്പമുണ്ട്.

മതം എന്ന വാക്കുകൊണ്ട് സാധാരണയായി വിവക്ഷിക്കുന്നതെന്തെന്ന് നമുക്കെല്ലാമറിയാം. മനുഷ്യന്റെ ഈശ്വരസങ്കല്പത്തെ പ്രതിനിധാനം ചെയ്യുന്ന സാമൂഹിക-സാമ്പത്തിക സ്ഥാപനമാണ് മതം. ഈശ്വരൻ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് മനുഷ്യന്റെ ഇന്ദ്രിയജ്ഞാനങ്ങൾക്കപ്പുറത്ത് നിലകൊള്ളുന്നു എന്ന് നാം വിശ്വസിക്കുന്ന ഒരു സാന്നിധ്യത്തെയാണ്. നമ്മുടെ വ്യക്തിജീവിതങ്ങളെയും പ്രപഞ്ചഗതിയെയും ഒരുപോലെ ഈശ്വരൻ സ്വാധീനിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. ഈശ്വരനാണ് പ്രപഞ്ചത്തെയും ജീവനെയും സൃഷ്ടിച്ചതെന്നും ഈശ്വരൻ നന്മയുടെ ഇരിപ്പിടമാണെന്നും മതവ്യത്യാസമെന്യേ വിശ്വസിക്കുന്നു .ചില മതങ്ങളിൽ തിന്മയുടെ പ്രതീകമായി പിശാച് എന്നൊരു സാന്നിധ്യവും ഉള്ളതായി കാണാം. ഈശ്വരന്റെ ആസ്ഥാനം സ്വർഗ്ഗവും പിശാചിന്റെ ആസ്ഥാനം നരകവുമാണ്. നന്മയോടെ ജീവിക്കുന്ന മനുഷ്യർ മരണശേഷം സ്വർഗ്ഗത്തിലും തിന്മ ചെയ്യുന്നവർ നരകത്തിലും ചെന്നെത്തുന്നു. സ്വർഗ്ഗത്തിൽ സുഖവും നരകത്തിൽ പീഡനവുമാണ്. ഹൈന്ദവസങ്കല്പത്തിൽ, മനുഷ്യ ജീവൻ, പല ജന്മങ്ങൾക്കുശേഷം, അവസാനം ബ്രഹ്മത്തിൽ ലയിക്കുന്നു. ബ്രഹ്മം പരമാനന്ദമാണ്. ജീവിതം നന്മയും തിന്മയും ചേർന്നമായയാണ്. പ്രപഞ്ചം സൃഷ്ടാവിന്റെ മായാലീലയാണ്. സൃഷ്ടാവ് പൂവായും പുഴുവായും മനുഷ്യനായും, അതുപോലെ കോടാനുകോടി ജീവനുകളായും ജനിച്ചും മരിച്ചും, സന്തോഷിച്ചും ദുഃഖിച്ചും അതിൽ കളിയ്ക്കുന്നു. ഓരോ ജീവനും ജന്മാന്തരങ്ങളിലൂടെ സൃഷ്ടാവായ പരമാത്മാവിൽ ലയിക്കുന്നു. സ്വന്തം സൃഷ്ടി എന്ന മായ പരമാത്മാവ് തിരിച്ചറിയുമ്പോൾ പ്രളയം എല്ലാം തേച്ചുമാച്ച് കളയുന്നു. പക്ഷേ, വീണ്ടും പരമാത്മാവിന് ലീലയിലേക്ക് മടങ്ങാതെ വയ്യ. സൃഷ്ടിയുടെയും മായയുടെയും പരമ്പര പുനരാരംഭിയ്ക്കുന്നു.

ഓരോ മതത്തിന്റെയും ഈശ്വരസങ്കല്പം വ്യത്യസ്തമാണ്. അതും പേരുകളിൽ നിന്നാരംഭിയ്ക്കുന്നു. മനുഷ്യർക്ക് പേരിടുന്നതിനു മുൻപേ തന്നെ മതങ്ങൾ ദൈവങ്ങൾക്ക് പേരിടുന്നുണ്ട്. ഇസ്ലാമും ക്രിസ്തുമതവും ഹിന്ദുമതവും ഈശ്വരന് വ്യത്യസ്തനാമങ്ങൾ നൽകിയിട്ടുണ്ട്. ആ പേരുകളിലാണ് ഓരോ മതവിശ്വാസിയും അവന്റെ ഈശ്വരനെ വിളിയ്ക്കുക. ക്രിസ്ത്യാനി അവന്റെ ഈശ്വരനെ കൃഷ്ണാ എന്നു വിളിക്കില്ല. ഹിന്ദു അവന്റെ ഈശ്വരനെ അള്ളാ എന്ന് വിളിക്കില്ല. മുസ്ലീം അവന്റെ ഈശ്വരനെ യഹോവ എന്നു വിളിക്കില്ല. ഓരോ മതവിശ്വാസിയും അവനവന്റെ ഈശ്വരന്റെ നാമത്തിലുള്ള ആരാധനാലയത്തിലാണ് അവനവന്റെ ഈശ്വരനെ പൂജിക്കുന്നത്. കൃഷ്ണൻ പള്ളിയിലോ, അള്ളാ അമ്പലത്തിലോ, സ്വർഗ്ഗസ്ഥനായ പിതാവ് മോസ്ക്കിലോ പൂജിക്കപ്പെടുകയില്ല. ഓരോ മതത്തിലും ഈശ്വരനെ പൂജിക്കാൻ പുരോഹിതന്മാരും വ്യത്യസ്ത കർമ്മങ്ങളുമുണ്ട്. മതങ്ങളെല്ലാം അതിപുരാതനങ്ങളാണ്. ഹിന്ദുമതത്തിനൊഴികെ മറ്റ് പ്രധാന മതങ്ങൾക്കെല്ലാം സ്ഥാപകന്മാരുണ്ട്. എല്ലാ മതങ്ങൾക്കും തന്നെ അവയുടെ വിശ്വാസപ്രമാണങ്ങൾ അടങ്ങിയിരിക്കുന്ന വിശുദ്ധഗ്രന്ഥങ്ങളുമുണ്ട്.

ഓരോ മതവും അതിന്റേതായ രീതിയിൽ ഈശ്വരനെ സങ്കല്പിക്കുകയും പൂജിക്കുകയും ചെയ്യുന്നു എന്നതാണ് അടിസ്ഥാനവസ്തുത. ഈ ഈശ്വരന്മാർ വെവ്വേറെ വ്യക്തികളാണോ അതോ ഒരാൾ തന്നെയാണോ എന്ന ചോദ്യം പലപ്പോഴും ഉയർന്നുവരാറുണ്ട്. ഇതിനുത്തരം, ഈശ്വരന്മാർക്ക് നൽകപ്പെട്ടിട്ടുള്ള വ്യത്യസ്തവ്യക്തിത്വമാണ് ഓരോ മതത്തിന്റെയും വ്യത്യസ്തസ്വഭാവത്തെ നിലനിർത്തുന്നത് എന്നാണ്. ഇങ്ങനെയാണ് വ്യവസ്ഥാപിത മതങ്ങൾ ഉണ്ടാകുന്നത്. വ്യത്യസ്ത ഈശ്വരസങ്കല്പങ്ങൾക്കുവേണ്ടി മനുഷ്യൻ നിർമ്മിച്ചിരിക്കുന്ന സാമൂഹിക സാമ്പത്തിക സ്ഥാപനമാണ്. ഓരോ വ്യവസ്ഥാപിതമതവും.

എന്തിനാണ് ഈശ്വരസങ്കല്പം എന്ന ചോദ്യം കൂടി ഇവിടെ പ്രവേശിക്കുന്നുണ്ട്. ജീവിതവുമായുള്ളതിനേക്കാളേറെ മരണവുമായിട്ടാണ്-അല്ലെങ്കിൽ മരണാനന്തര ജീവിതസങ്കല്പവുമായിട്ടാണ്- ഈശ്വരസങ്കല്പം ബന്ധപ്പെട്ടിരിക്കുന്നത് എന്നുകാണാം. ജീവിതത്തിൽ നന്മചെയ്യുന്നത് മരണത്തിനുശേഷം സ്വർഗ്ഗത്തെ അല്ലെങ്കിൽ ഈശ്വരനെപ്രാപിക്കാനായാണ്. മരണത്തിനുശേഷം എന്ത് എന്ന ചോദ്യത്തിന്റെ ഉത്തരം, ഈശ്വരന്റെലോകത്തിലാണ്നമ്മെ ചെന്നെത്തിക്കുന്നത്. മനുഷ്യൻ മരണത്തെ അഭിമുഖീകരിക്കുന്നത് ഈശ്വരനെമുന്നിൽ കണ്ടുകൊണ്ടാണ്. ജനനത്തിനുമുൻപ് താനെന്തായിരുന്നു എന്നതിനെപ്പറ്റി മനുഷ്യൻ ആശങ്കകൊള്ളാറില്ല. വാസ്തവത്തിൽ മരണത്തിനുശേഷമുള്ളതെന്ത് എന്ന അറിവില്ലായ്മപോലെതന്നെയുള്ള അജ്ഞത ജനനത്തിനുമുൻപ് നാം എന്തായിരുന്നു എന്നതിനെപ്പറ്റിയുമുണ്ട്. പക്ഷേ, നാം ആ ഘട്ടം അജ്ഞതയിലൂടെ കടന്നുപോരുന്നതുകൊണ്ട് തിരിഞ്ഞുനോക്കി ആശങ്കപ്പെടാറില്ല. മരണം നമ്മുടെ അറിവിന്റെ ഭാഗമാണ്. അത് ആശങ്കയുണ്ടാക്കുന്നു. ഈ ആശങ്കകളൊന്നുമില്ലാതെ മറ്റൊരു മലക്കറിയായി ജീവിച്ചുകൊള്ളാനാണ് ഏദൻതോട്ടത്തിൽ ദൈവം ആദാമിനോടും ഹവ്വയോടും പറഞ്ഞത്.

> മനുഷ്യർക്ക് പൊതുവിൽ ആധ്യാത്മികത കടംവാങ്ങുന്നതാണ് ഇഷ്ടം. സ്വന്തമായ ആധ്യാത്മിക ജീവിതം നയിക്കുന്നതിൽ എത്രയോ എളുപ്പമാണ്, അത് ഒരു മതത്തിന് ഏല്പിച്ചുകൊടുത്ത് അതിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കുന്നത്

ഇന്നത്തെ ലോകത്തിൽ എഴുത്തുകാരൻ മാത്രമല്ല എല്ലാമനുഷ്യരും തന്നെ വിവിധമതങ്ങളെ, ഇങ്ങനെ, ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അനുഭവിക്കുന്നവരാണ്. മതവിശ്വാസിയല്ലാതെ വളർത്തുന്ന ഒരു ശിശുവിനെപ്പോലും ചുറ്റുപാടുമുള്ള മതം സ്പർശിക്കുന്നതായികാണാം. മതവിശ്വാസിയല്ലാത്ത വ്യക്തിപോലും മതത്തോട് പ്രതികരിച്ചുകൊണ്ടിരിക്കുന്നതായി കാണാം. അത്യുന്നും അടിസ്ഥാനതലത്തിലുള്ള ഒരു സാംസ്കാരികശക്തി

യാണ് മതം.

ആദ്ധ്യാത്മികതയെ മതവുമായി ബന്ധപ്പെടുത്തുന്നതാണ് പൊതുവിൽ കണ്ടുവരുന്നത്. കാരണം, മനുഷ്യൻ തന്റെ മനുഷ്യാവസ്ഥയെപ്പറ്റി, താൻ എന്താണ്, എന്തിനു ജനിച്ചു, എന്തിന് ജീവിക്കുന്നു, എന്തിന് കർമ്മംചെയ്യുന്നു, എന്തിന് മരിക്കുന്നു, എന്താണ് മരണശേഷം എന്നിങ്ങനെ തന്നിലേക്കു തന്നെ തിരിഞ്ഞു വിചിന്തനം ചെയ്യുന്ന ആന്തരികജീവിതമാണ് ആദ്ധ്യത്മികത. Spiritualityഎന്ന് ഇംഗ്ലീഷിൽ വ്യവഹരിക്കുന്ന ആന്തരികജീവിതം. Spiritഅഥവാ അന്തരാത്മാവിന് പേരുകളും ലേബലുകളും ഇല്ല. ഒരു കണക്കിന് പറഞ്ഞാൽ അത് ശുദ്ധ സ്പിരിറ്റ് അഥവാ ശുദ്ധആൽക്കഹോൾ പോലെയാണ്. ശുദ്ധ ആൽക്കഹോൾ കാഴ്ചയിൽ ശുദ്ധജലം പോലെയാണ്. പക്ഷേ, അതിലൊളിച്ചിരിക്കുന്ന ശക്തിയുണ്ട് നമ്മുടെ തലച്ചോറിന്റെ രസതന്ത്രത്തെ ഇളക്കാൻ കഴിയുന്നു. അത് വിവിധയിനം മദ്യങ്ങളായി പ്രത്യക്ഷപ്പെട്ട് മനുഷ്യന്റെ ബോധതലങ്ങളിൽ സങ്കീർണ്ണമായ ഇളക്കങ്ങളും ഉണ്ടാക്കുന്നത് പോലെയാണ്. നാമരഹിതവും രൂപരഹിതവുമായ അന്തരാത്മാവിന് മതങ്ങളും നാമങ്ങളും രൂപങ്ങളും നൽകി മനുഷ്യനു മതവിശ്വാസാനുഭൂതി നൽകുന്നത് എന്നു പറഞ്ഞാൽ അത് തന്റെ ഉപമയെ വലിച്ചുനീട്ടലായിത്തീരും. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്എന്നും മറ്റുമുള്ള ഉപയോഗം കൊണ്ട് പഴകിപ്പറിഞ്ഞ ഉദ്ധരണികളിലേക്കുള്ള തിരിച്ചുപോക്കായിരിക്കും. മതം മദ്യത്തെപ്പോലെതന്നെ തലയ്ക്കുപിടിക്കുന്ന ഒന്നാണെന്ന് നിങ്ങളോട് പറയാൻ ഞാൻ വേണ്ട; ഒരൊറ്റ കരിസ്മാറ്റിക്ക് വിശ്വാസിയോടോ ആർ.എസ്.എസ് കാരനോടോ ജമാഅത്തിന്റെ തീവ്രവിശ്വാസവിഭാഗങ്ങളോടോ അതുപോലെയുള്ള മതമൗലികവാദികളോടോ അഞ്ചുമിനിറ്റ് സംസാരിച്ചാൽ മതി. പക്ഷേ, മതത്തിന്റെ യഥാർത്ഥ അനുഭവപാതയ്ക്ക് ഒരു രമണമഹർഷിയെയും ശ്രീനാരായണനെയും ശ്രീരാമകൃഷ്ണനെയും അസ്സീസ്സിയിലെ ഫ്രാൻസീസിനെയും, ജലാലുദ്ദീൻ റൂമിയെയും ഫരീദുദ്ദീൻ അത്തറിനെയും പോലെയുള്ള സൂഫികളെയും സൃഷ്ടിക്കാൻ കഴിയുമെന്നതാണ് മതത്തിന്റെ പ്രത്യേകത.

ആദ്യം പറഞ്ഞതുപോലെ, നാമം ആദ്യം വരുന്നു; രൂപം പിന്നീടാണ് വരുന്നുത്. ആദ്ധ്യാത്മികജീവിതത്തിന് നാമങ്ങളും രൂപങ്ങളും ആവശ്യമില്ല. മനുഷ്യൻ താൻ ആരാണെന്ന് അന്വേഷിക്കുമ്പോഴും, തന്റെ നാമത്തിനും രൂപത്തിനുമപ്പുറത്തുള്ള അന്തരാത്മാവിന്റെ മുൻപിലാണ് ചെന്നെത്തുന്നത്. നമ്മുടെ തലച്ചോറിലും ശരീരത്തിലുമായി പടർന്നുനിൽക്കുന്ന ആ ജൈവബുദ്ധി(intelligent life)നമ്മെ ലോകമെങ്ങുമുള്ള ജൈവബുദ്ധിയുടെ സ്ഫുരണങ്ങളുമായി മാത്രമല്ല, ജീവന്റെ അടിസ്ഥാനകോശങ്ങളുമായും ബന്ധപ്പെടുത്തുന്ന ഒരു വല(network) സൃഷ്ടിക്കുന്നു എന്ന് ഇന്ന് നമുക്കറിയാം. സൃഷ്ടിയുടെ വല അഥവാ സ്രഷ്ടാവിന്റെ വല എന്നുപറയാം. സൃഷ്ടിയും സ്രഷ്ടാവും ഒരു പക്ഷേ, ഒന്നായിത്തീരുന്ന ഒരു വല. ഇതിനെ ഈശ്വരാനുഭവം എന്ന് വിളിക്കപ്പെടുന്നുണ്ട്. പ്രപഞ്ചാനുഭവം എന്ന് വിളിക്കപ്പെടുന്നുണ്ട്; ആത്മജ്ഞാനം എന്നുവിളിക്കപ്പെടുന്നുണ്ട്. ആദ്ധ്യാത്മികത (spirituality)താനും പ്രപഞ്ചവുമായുള്ള ഐക്യത്തിന്റെ നാമരഹിതമായ ജ്ഞാനവും അനുഭവവുമാണ്. അതിൽ ഈശ്വരസങ്കല്പവും തീർച്ചയായും അടങ്ങിയിരിക്കുന്നു. ആധുനിക പാശ്ചാത്യലോകത്ത് അലൻ വാട്ട്സിനേയും കാർലോസ് കസ്റ്റനേഡയേയും ഔസ് ചെൻസ്കിയെയും പോലെയുള്ള പല ചിന്തകരും; ആധുനിക ഇന്ത്യയിൽ ജെ. കൃഷ്ണമൂർത്തിയും, അരബിന്ദോയുടെ സഹയാത്രികയായിരിക്കുകയും 'മദർ' എന്ന പേരിൽപ്രശസ്തയാകുകയുംചെയ്ത Mira Richardsഉം, പല മുഹൂർത്തങ്ങളിലും ഓഷോ എന്ന രജനീഷും മതനിരപേക്ഷിതവും സ്വതന്ത്രവുമായ ആദ്ധ്യാത്മികതയുടെ അസാധാരണരും പ്രതിഭാശാലികളുമായ വക്താക്കളാണ്. ഈ ആദ്ധ്യാത്മികതയാണ് മതത്തിന്റെ ബീജം. പ്രവാചകന്മാരും ഗുരുക്കന്മാരും അനുഭവിച്ചത് ഈ മതരഹിതമായ ഐക്യബോധമാണ്. അതിന് അവരോ അവരുടെ അനുയായികളോ സാമൂഹികപ്രയോഗം നൽകിയപ്പോഴാണ് പേരുകളും രൂപങ്ങളും വിഭജനങ്ങളും പ്രത്യക്ഷപ്പെട്ടു. ആദ്ധ്യാത്മികതയ്ക്ക് മതത്തിന്റെ പിൻബലം ആവശ്യമില്ല. പക്ഷേ, മതം കാലക്രമേണ ആദ്ധ്യാത്മികതയെ സ്വന്തം മുറ്റത്ത് നട്ടുവളർത്തി. കാരണം, വ്യക്തിയ്ക്ക് സ്വകാര്യമായി ഈശ്വരാനുഭവം അഥവാ പ്രപഞ്ചാനുഭവം സാധ്യമാണെന്നു വന്നാൽ പിന്നെ, വ്യവസ്ഥാപിത മതത്തിന്റെ പ്രയോജനം എന്ത്? ആരാധനാലയങ്ങളുടെയും പൗരോഹിത്യത്തിന്റെയും മദ്ധ്യസ്ഥത ആവശ്യമില്ലാതെവരുന്നു.



ജെ. കൃഷ്ണമൂർത്തി

മനുഷ്യർക്ക് പൊതുവിൽ ആന്തരികജീവിതം, ആദ്ധ്യാത്മികത, കടം വാങ്ങുന്നതാണ് ഇഷ്ടം. ഈശ്വരന് രൂപവും ഭാവവും പേരും ഗുണവും മണവുമുള്ളതാണ് ഇഷ്ടം. സ്വന്തമായ ആദ്ധ്യാത്മികജീവിതം നയിക്കുന്നതിൽ എത്രയോ എളുപ്പമാണ്, അത് ഒരു മതത്തിന് ഏല്പിച്ചു കൊടുത്ത് അതിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കുന്നത്. ജീവിതവും മരണവും അവർ മതത്തിന് വിട്ടുകൊടുക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ നന്മയുടെ മൂർത്തീകരണമായ ഈശ്വരസങ്കല്പമാണ് നിലകൊള്ളുന്നത് എന്നതാണ് അത്ഭുതകരം. അതേ സമയം ഈശ്വരസങ്കല്പത്തെപ്പോലെ മനുഷ്യവംശത്തെ വിഭാവിച്ച മറ്റൊരു ശക്തിയില്ല എന്നതാണ്

വാസ്തവം. ഭാഷയാണ് അടിസ്ഥാനശക്തി എന്ന് ഒരിക്കൽ കരുതിയിരുന്നു. പക്ഷേ, ഒരേ ഭാഷപറയുന്ന മുസ്ലിമും ഹിന്ദുവുമാണ് ഇന്ത്യയിൽ പരസ്പരം കൊല്ലുന്നത്. ഒരേഭാഷപറയുന്ന ക്രിസ്ത്യാനിയും മുസ്ലീമുമാണ് മുൻ യുഗസ്ലേവിയയിൽ കൊലക്കളങ്ങൾ തീർത്തത്. ഒരേഭാഷപറയുകയും ഒരേ മതത്തിൽ വിശ്വസിക്കുകയും ചെയ്യുവരെയാണ് മദ്ധ്യകാല കത്തോലിക്കാ ഇൻ ക്വിസിഷനിലൂടെ - അതായത് കത്തോലിക്കർ കത്തോലിക്കരെതന്നെ - ലക്ഷക്കണക്കിന് പീഡിപ്പിച്ചുകൊന്നത്. ക്രിസ്തുമതത്തിന്റെ പാശ്ചാത്യ ചരിത്രത്തിന്റെ രണ്ടായിരത്തോളം വർഷങ്ങളിൽ, ഒരു പക്ഷേ 1700- ഓളം വർഷങ്ങൾ, ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ പേരിലൊഴുക്കിയ ക്രിസ്ത്യൻ രക്തത്തിന്റെ നീണ്ടകഥയാണ് - കുരിശുയുദ്ധങ്ങളിലൂടെയൊഴുക്കിയ മുസ്ലിം രക്തത്തിന്റെയും. അതോടൊപ്പം, കൊളോണിയലിസത്തിന്റെ സഹയാത്രികനായി മാറിയ ക്രിസ്തുമതം ലോകമെങ്ങുമുണ്ടായ കൊളോണിയൽ ഭീകരതകൾക്ക് ചിലപ്പോൾ മൗനസാക്ഷിയും പലപ്പോഴും പങ്കാളിയുമായിരുന്നു. പാശ്ചാത്യലോകത്തെ, അമേരിക്കയടക്കമുള്ള വൻ സംസ്കാരങ്ങളുടെ പ്രേരകശക്തി മതമായിരുന്നു എന്ന പ്രസ്താവനയിൽ എന്തുമാത്രം വാസ്തവമുണ്ടെന്ന് ഞാൻ അത് ഭൂതപ്പെട്ടിട്ടുണ്ട്. അവയുടെ പ്രേരകശക്തി സാമ്പത്തികശാസ്ത്രം തന്നെയായിരുന്നു എന്നാണെന്റെ വിശ്വാസം. ഒരുപക്ഷേ, പാശ്ചാത്യ ക്രിസ്തുമതസമൂഹങ്ങൾ വീണ്ടും വീണ്ടും ഒഴുക്കിയ ചോരയാണ്, നിർബന്ധിതമായ സാമൂഹികമാറ്റങ്ങൾക്കും പുനർനിർമാണങ്ങൾക്കും വിശ്വാസത്തേക്കാളേറെ പ്രേരകമായത്.

ഇസ്ലാമിന്റെ ആരംഭകാലം മുതൽ അതിൽ സംഘട്ടനാത്മകതയുടെ സ്വഭാവം പ്രത്യക്ഷപ്പെട്ടിരുന്നു. പ്രവാചകന്റെ മരണശേഷം അദ്ദേഹത്തിന്റെ പൈതൃകം ഏറ്റുവാങ്ങിയവർതന്നെ അനിസ്ലാമികമായ പരസ്പരസംഘട്ടനത്തിലേക്ക് തിരിയുകയാണുണ്ടായത്. ഇസ്ലാമികചരിത്രത്തിന്റെ ഭൂരിഭാഗത്തും ക്രിസ്തുമതത്തിലെപ്പോലെത്തന്നെ, ചക്രവർത്തിമാരുടെ സാമ്രാജ്യവികസനങ്ങളുടെയും അതോടൊപ്പം പൗരോഹിത്യസഹായത്തോടെ നടന്ന ഇസ്ലാമികവത്കരണത്തിന്റെയും നീണ്ട കാലഘട്ടങ്ങൾ പ്രത്യക്ഷപ്പെടുന്നത് കാണാം. സാമ്രാജ്യവത്കരണത്തോടൊപ്പമുണ്ടായ സാമ്പത്തികവികസനത്തിന്റെ ഭാഗമായി ശാസ്ത്രവും സംസ്കാരവും ഇസ്ലാമിൽ വികസിച്ചു. എന്നാൽ ക്രൈസ്തവസംസ്കാരത്തിന്റെ നിഷ്ഠുരമായ തിരിച്ചടിയിൽ, ഇസ്ലാമിന്റെ സാമ്രാജ്യങ്ങൾ മാത്രമല്ല, അമൂല്യമായ വിജ്ഞാനശേഖരങ്ങളും സാംസ്കാരികോൽപന്നങ്ങളും എന്നന്നേക്കുമായി അപ്രത്യക്ഷമായി. ഒരു ദൈവം മറ്റൊരു ദൈവത്തെ വാളുകൊണ്ടും തോക്കുകൊണ്ടും പരാജയപ്പെടുത്തി. പിന്നീട് ക്രൈസ്തവ പാശ്ചാത്യ കോളോണിയലിസം അറബ് രാജ്യങ്ങളെയും മറ്റു ഇസ്ലാമിക രാജ്യങ്ങളെയും വീണ്ടും കീഴ്പ്പെടുത്തി. അതിൽനിന്നും വീണ്ടും പുനർജനിച്ച ഒരിസ്ലാമിനെയാണ് നാം ഇന്ന് എണ്ണയുടെ സ്വർണ്ണവെളിച്ചത്തിൽ കാണുന്നത്. എനിക്കു മനസ്സിലാകുന്നിടത്തോളം, ക്രിസ്തുമതത്തേക്കാൾ അറുനൂറോളം വർഷം ചെറുപ്പമായ ഇസ്ലാം ഇന്നും ഒരു വഴി തേടുകയാണ്. 1500 വർഷം പ്രായമുള്ളപ്പോൾ ക്രിസ്തുമതം എത്രമാത്രം രക്തരൂക്ഷിതവും സംഘട്ടനാത്മകവുമായിരുന്നോ, അത്രമാത്രം ഭീകരസ്വഭാവം ഇന്നത്തെ ഇസ്ലാമിനില്ല എന്ന് തീർച്ച പറയാൻ കഴിയും. ഒരു വശത്ത് സൗദി അറേബ്യപോലെയുള്ള രാജ്യങ്ങൾ യാഥാസ്ഥികത്വത്തിലേക്ക് ഇസ്ലാമിനെ തിരിച്ചോടിക്കാൻ ശ്രമിക്കുമ്പോൾ, മറുവശത്ത് എമിറേറ്റുകളും ഇന്തോനേഷ്യയും മലയേഷ്യയും തുർക്കിയും ഈജിപ്തുമെല്ലാം ഇസ്ലാമിനെ ആധുനികതയിലേക്ക് നയിക്കുന്നതായി കാണാം. വാസ്തവത്തിൽ പരമ്പരാഗത ക്രൈസ്തവമുഖ്യധാരയിൽ ഇന്നുള്ളിടത്തോളം സങ്കുചിതമായ മതമൗലികവാദങ്ങൾ ഇന്നത്തെ ഇസ്ലാമിലുണ്ടോ എന്ന് സംശയമാണ്. പക്ഷേ, ഇന്ത്യയിലെ ഹൈന്ദവമതമൗലികവാദവും ക്രൈസ്തവമുഖ്യധാരയും പാശ്ചാത്യലോകത്തെ രാഷ്ട്രീയനയങ്ങളും യഹൂദരാഷ്ട്രീയതാത്പര്യങ്ങളും ഒരുപോലെ ഇസ്ലാമിനെ ലോകത്തിലെ ഏറ്റവും ഭീകരനായി ചിത്രീകരിക്കുന്നത് സാധാരണമാണ്. അതിന് അവസരങ്ങളുണ്ടാക്കുന്നത് ഇസ്ലാമിലെ മതതീവ്രവാദികളുടെ ന്യൂനപക്ഷമാണ്. ഒരു മതത്തിന്റെ നിർവ്വാഹകന്മാർ സ്വന്തം സമൂഹത്തിന്റെ താത്പര്യങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതിന്റെ സമ്പൂർണ്ണ ഉദാഹരണമാണ് ഇസ്ലാമിക മത പുരോഹിതന്മാർ അവതരിപ്പിച്ചുകൊണ്ടേയിരിക്കുന്ന ജീർണ്ണവും സംഘട്ടനാത്മകവുമായ തീവ്രവാദങ്ങൾ. ഇസ്ലാംജനതയാവട്ടെ, വാസ്തവത്തിൽ, ഇന്ത്യയിലെ ദളിതനെപ്പോലെയും അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരെയുംപോലെ, ആധുനിക ലോകസമൂഹത്തിലെ Underdog അധഃസ്ഥിതരിൽ ഒന്നാണ്. അധഃസ്ഥിതൻ തലയുയർത്താൻ ശ്രമിക്കുമ്പോളെല്ലാം പരമ്പരാഗത അധീശന്മാർ അതിനെ ചവിട്ടിത്താഴ്ത്തിയിരിക്കും. ഇസ്ലാമികജനതയുടെ നിർഭാഗ്യം, സ്വന്തം മതംതന്നെ ആ ജനതയെ ഇരുണ്ട നൂറ്റാണ്ടുകളിലേക്ക് തള്ളിവിടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

മതം മദ്യംപോലെ തലയ്ക്കു പിടിക്കുന്ന ഒന്നാണെന്ന് അറിയാൻ ഒരു കരിസ്മാറ്റിക് വിശ്വാസിയോടോ, ആർ.എസ്.എസ്സുകാരനോടൊ അഞ്ചുമിനുട്ടു സംസാരിച്ചാൽ മാത്രംമതി. പക്ഷേ, മതത്തിന്റെ യഥാർഥ അനുഭവപാതയ്ക്ക് ഒരു രമണമഹർഷിയെയും ശ്രീനാരായണനെയും ശ്രീരാമകൃഷ്ണനെയും അസീസ്സിയിലെ ഫ്രാൻസീസിസെയും ജലാലുദ്ദീൻ റൂമിയെയുംപോലുള്ള സൂഫികളെയും സൃഷ്ടിക്കാൻ കഴിയുമെന്നതാണ് മതത്തിന്റെ പ്രത്യേകത

യഹൂദമതരാഷ്ട്രമായ ഇസ്രായേൽ അണുബോംബിന്റെയും മിസ്സൈലുകളുടെയും മുനയിലാണ് തങ്ങളുടെ രാഷ്ട്രത്തെ നിലനിർത്തുന്നത്. ഈയിടെ ഇസ്രയേലിലെ ഒരു റബ്ബി പറഞ്ഞത്രെ: യഹൂദന്മാർ ചെയ്ത പാപങ്ങളുടെയെല്ലാം ശിക്ഷയാണ് ഹിറ്റ്ലർ നടത്തിയ സമ്പൂർണ്ണശുദ്ധീകരണം. ഞാൻ പഴയ നിയമമെടുത്ത് ഓർമ്മ പുതുക്കി. ജോഷ്വായുടെ പുസ്തകത്തിലൂടെയൊഴുകുന്ന രക്തം ഹിറ്റ്ലറെപ്പോലും ഞെട്ടിപ്പിച്ചിട്ടും. യഹോവായുടെ നേരിട്ടുള്ള ആജ്ഞയനുസരിച്ച് ജോഷ്വ, ഇസ്രയേൽ ജനതയ്ക്ക് വാഗ്ദത്തനാട് നിർമ്മിക്കാനായി 31 രാജ്യങ്ങളെയും അവിടത്തെ ജനതകളെയുമാണ് ഭൂമുഖത്തുനിന്ന് നിർമ്മാർജനം ചെയ്തത്.

ശ്രീബുദ്ധൻ ഒരു മതസ്ഥാപകനായിരുന്നില്ല. ശുദ്ധ

(ശേഷം 36-ൽ)

എഴുത്ത്, മതം, ആധ്യാത്മികത

(9-ൽനിന്ന് തുടർച്ച)

തത്ത്വചിന്തകനായിരുന്നു. വ്യവസ്ഥാപിത മതങ്ങൾക്കാവശ്യമുള്ള സങ്കല്പങ്ങളൊന്നും-സ്വർഗ്ഗം, നരകം, ദേവന്മാരും ഈശ്വരന്മാരും-ഇവയൊന്നും അദ്ദേഹം സൃഷ്ടിച്ചില്ല. മരണാനന്തരജീവിതം എന്ന സങ്കല്പംതന്നെ അദ്ദേഹം തിരസ്കരിച്ചു. പക്ഷേ, അദ്ദേഹത്തിനും മതസ്ഥാപകരായ പിൻഗാമികളിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞില്ല.

അഹിംസയുടെ ആദ്യത്തെ മതമായ ബുദ്ധമതം പൈശാചികമായ കൂട്ടക്കൊലയും യുദ്ധവും സംഘട്ടനവും പീഡനവും നിർമ്മിച്ച അനവധി സമൂഹങ്ങളിലെ കേന്ദ്ര മതമായിരുന്നു. ചൈനയുടെയും ജപ്പാന്റെയും കൊറിയയുടെയും കംബോഡിയയുടെയും ലാമോസിന്റെയും രക്തം പുരണ്ട ചരിത്രവും ശ്രീലങ്കയിലെ ഇന്നത്തെ സംഭവവികാസങ്ങളും ഒരു മതം എങ്ങനെ സംഘട്ടനാത്മകമായ അധികാര രാഷ്ട്രീയത്തിന്റെ സഹയാത്രികനായിത്തീരുന്നു. അല്ലെങ്കിൽ അതിന്റെ അടിമയായിത്തീരുന്നു എന്ന പ്രതിഭാസത്തിന്റെ ഉദാഹരണങ്ങളാണ്.

നമ്മുടെ വിഷയത്തിലെ മതം, ആദ്ധ്യാത്മികത എന്നീ പദങ്ങൾക്ക് വളരെ സ്ഥൂലമായ ഒരു വിവരണം സൃഷ്ടിക്കാനാണ് ഞാൻ ശ്രമിച്ചത്. ഇത് മതത്തിന്റെ മേലുള്ള ഒരു ആക്രമണമല്ല. മതത്തിന്റെ ചരിത്രപശ്ചാത്തലത്തെ വാസ്തവിക ബോധത്തോടെയും വിമർശനാത്മകമായും അവലോകനം ചെയ്യാൻ ശ്രമിക്കുകയാണ് ചെയ്തത്. മതത്തിന്റെ ഭാവി ഇരുണ്ടതാണെന്ന് ഞാൻ കരുതുന്നില്ല. ശാസ്ത്രത്തോടൊത്തുചേർന്ന്, ധ്യാനത്തോട് ഒത്തുചേർന്ന്, തത്ത്വചിന്തയോടൊത്തുചേർന്ന് ഒരു ദിവസം അത് ആധ്യാത്മികതയായി മാറും എന്നു ഞാൻ വിശ്വസിക്കുന്നു. സ്ഥൂലമായ അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും പാരമ്പര്യവാദങ്ങൾക്കും ആരാധനാലയ മത്സരങ്ങൾക്കുമപ്പുറത്ത് ഒരിക്കൽ അത് മനുഷ്യാത്മാവിനെ സ്വതന്ത്രമാക്കുന്ന ആദ്ധ്യാത്മിക ഉപകരണമായി ഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അന്നാണ് യേശുവും മുഹമ്മദും കൃഷ്ണനുമെല്ലാം ഒരുപക്ഷേ ഉയിർത്തെണീക്കുക.

എഴുത്തുകാരൻ അഥവാ എഴുത്തുകാരി ആരാണ് എന്നൊരു ചോദ്യം ഉയർത്തുകയും ഉത്തരം പറയുകയും ചെയ്തുകൊണ്ട് വിഷയാവതരണത്തിന്റെ രാവിലത്തെ ഭാഗം ഉപസംഹരിക്കാമെന്ന് ഞാൻ കരുതുന്നു. എഴുത്തുകാരൻ എന്ന വാക്ക് ലിംഗഭേദമില്ലാത്ത ഒരു വർഗ്ഗനാമമായി ഞാനിവിടെ ഉപയോഗിക്കുകയാണ്.

എഴുത്തുകാരൻ എന്ന് സ്വയം കരുതുന്ന എനിക്ക് മനസ്സിലാകുന്നിടത്തോളം എഴുത്തുകാരൻ എന്ന വ്യക്തി, എഴുത്തുപയോഗിച്ച് നടത്തുന്ന ആശയസംവേദനത്തെ ജീവിതത്തിലെ പ്രധാന കർമ്മമായി സ്വീകരിച്ചവനാണ്. ചിലപ്പോൾ അതവന്റെ ജീവിതമാർഗം തന്നെയായിരിക്കും. ചിലപ്പോൾ ജീവിതമാർഗ്ഗം മറ്റൊന്നായിരിക്കുകയും എഴുത്ത് അതോടൊന്നിച്ചുപോകുന്ന ഒരു പ്രവൃത്തിയായിത്തീരുകയും ചെയ്യും. രണ്ടായാലും അവന്റെ ആന്തരികജീവിതത്തിന്റെ കേന്ദ്രതാത്പര്യം അക്ഷരങ്ങളിലൂടെയുള്ള ആശയസംവേദനമായിരിക്കും. കേന്ദ്രതാത്പര്യം എന്നതിനാണ് ഞാൻ അടിവരയിടുകയാണ്.

കാരണം, ആർക്കും എഴുത്തുകാരനാകാമെന്ന് ഞാൻ വിശ്വസിക്കുന്നു- അവന്റെ ജീവിതത്തിന്റെ കേന്ദ്രതാത്പര്യം എഴുത്തും ആശയസംവേദനവും ആണെങ്കിൽ.

ഏതാണ്ട് എല്ലാ മനുഷ്യരും തന്നെ, ഉണരുമ്പോൾമുതൽ ഉറങ്ങുംവരെയും- പലപ്പോഴും സ്വപ്നം കാണുമ്പോളും തുടർച്ചയായി ആശയസംവേദനം ചെയ്യുന്നവരാണ്. എഴുത്തുകാരന്റെ പ്രത്യേകത, അവൻ താത്കാലികാവശ്യങ്ങൾക്കുള്ള സംവേദനങ്ങൾക്കപ്പുറത്ത് താരതമ്യേന കൂറച്ചുകൂടി നിത്യതാ സ്വഭാവമുള്ള, നിലനില്പ് ആവശ്യപ്പെടുന്നു. ആശയങ്ങളും ഭാവനകളും രൂപഘടനാ സാമർത്ഥ്യത്തോടെ സംവിധാനം ചെയ്യുകയും സംവേദനം ചെയ്യുകയും ചെയ്യുന്നു എന്നതാണ്. ഭാഷയാണ് അവന്റെ മാധ്യമം. ഭാഷയെ എത്രമാത്രം കൃത്യതയോടെയും അർഥവ്യക്തതയോടെയും ലാളിത്യത്തോടെയും നവീനതയോടെയും ഉപയോഗിക്കുന്നു എന്നതാണ് എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ നിയോഗം. എഴുത്തുകാരൻ ഓരോതവണ ഭാഷ ഉപയോഗിക്കുമ്പോളും അതിനെ പാരമ്പര്യത്തിൽനിന്നും പഴകിയ സങ്കേതങ്ങളിൽനിന്നും പറിച്ചുമാറ്റി, പുതിയ ഭാഷ സൃഷ്ടിക്കുന്നവനാണ്. നല്ല എഴുത്തു എക്കാലത്തും ഭാഷാനവീകരണമായിരുന്നു.

പുതിയ ആശയങ്ങളും പുതിയ ഭാവനകളും ഉത്പാദിപ്പിക്കുന്നവനാകയാൽ എഴുത്തുകാരൻ സ്വതന്ത്രനായിരിക്കേണ്ട ആവശ്യമുണ്ട്. എല്ലാ മുൻവിധികളിൽ നിന്നും അവൻ സ്വതന്ത്രനായിരിക്കണം. എല്ലാ സാധ്യതകളും പരിശോധിക്കാനുള്ള സ്വാതന്ത്ര്യം അവൻ സ്വയം നൽകണം. മതവിശ്വാസിയാണെങ്കിൽ അവൻ തന്റെ വിശ്വാസത്തെ പുനഃപരിശോധിച്ചിരിക്കും. പ്രത്യയശാസ്ത്രവിശ്വാസിയാണെങ്കിൽ ആ പ്രത്യയശാസ്ത്രത്തെ പുനഃപരിശോധിച്ചിരിക്കും. അവയെ അകത്തുനിന്നും പുറത്തുനിന്നും നോക്കിക്കാണാനുള്ള സ്വാതന്ത്ര്യവും കഴിവും അവൻ സംഭരിച്ചിരിക്കും. ആശയങ്ങളും ഭാവനയും സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്നവയല്ലാത്തതിനാലും, അറിവിന്റെ വൃക്ഷത്തിന്റെ പൂവും കായുമാകയാലും, എഴുത്തുകാരൻ അറിവ് സമ്പാദിച്ചേ പറ്റൂ. അവൻ മണ്ടനായി ഇരിക്കാൻ വയ്യ. അവൻ കണ്ണും കാതും നാവും മൂക്കും കൈയും കാലും തൊലിയും പല്ലും നഖവും എല്ലാംകൊണ്ട് അറിവ് സമ്പാദിച്ചുകൊണ്ടേയിരിക്കണം. മായനായ എഴുത്തുകാരൻ ഭാഷയിലും ഭാവനയിലും ആശയമേഖലയിലും സമൂഹത്തിനും ഭാരമായിരിക്കും. പേനയെടുക്കുമ്പോളെങ്കിലും അവൻ മായനല്ലാതായിത്തീരണം. ആ കഴിവിനെയാണ് പ്രചോദനം തുടങ്ങിയ ഭാവുകത്വം നിറഞ്ഞ വിശേഷണ പദങ്ങൾകൊണ്ട് നാം ചായം തേക്കുന്നത്.

ഇതോടെല്ലാമൊപ്പം എഴുത്തുകാരൻ ജീവിതത്തിലും സാഹിത്യത്തിലും സത്യസന്ധനായിരിക്കണം. തനിക്കു വിശ്വാസമുള്ളതേ എഴുത്തുകാരൻ പറയുകയും എഴുതുകയും ചെയ്യാവൂ. അതിനോട് ജീവിതത്തിലും എഴുത്തിന്റെ മൂല്യങ്ങളിലും പ്രതിബദ്ധത പുലർത്തുകയും വേണം. ഒരു സ്ത്രീസമ്മേളനത്തെ പ്രീണിപ്പിക്കാൻ വേണ്ടി ഫെമിനിസ്റ്റ് ആയിച്ചമയുകയും വീട്ടിൽ ഭാര്യയെ ചവിട്ടുമെത്തയായി ഉപയോഗിക്കുകയും ചെയ്യുന്ന എഴുത്തുകാരൻ കള്ളനാണ്. അവൻ മഹാനായ എഴുത്തുകാരനായിരിക്കും. പക്ഷേ, മോശം മനുഷ്യനാണ്. മഹാനായ എഴുത്തുകാരൻ താരതമ്യേന നല്ലവനായ ഒരു മനുഷ്യൻ കൂടിയായാലത്തെ അവസ്ഥ എത്ര മനോഹരമാണ്. സാഹിത്യം തന്നെ, നുണയാണ്; കെട്ടുകഥയാണ്; ഭാവനാകല്പിതമാണ്. അതിന്റെയുള്ളിൽ സത്യം സ്ഥാപിക്കുന്നതെങ്ങനെയെന്നതാണ് എഴുത്തുകാരന്റെ വെല്ലുവിളി. ■

അമേരിക്കൻ കുടിയേറ്റ മലയാളികളുടെ സാഹിത്യ സംഘടനയായ ''ലാന'' ഒക്ടോബർ 7-8 തീയതികളിൽ ന്യൂയോർക്കിൽ നടത്തിയ സാഹിത്യശില്പശാലയിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ ഒന്നാം ഭാഗം.

പായിപ്ര രാധാകൃഷ്ണൻ



പഴമയിൽനിന്നൊരു കുടം നക്കള്

അന്നപ്പൂർണയിൽ ആളൊഴിഞ്ഞ നേരം.

അപ്പുണ്ണേട്ടൻ ആകെ അസ്വസ്ഥനായിരുന്നു.

ദിനപത്രങ്ങൾ അന്നന്ന് വായിക്കുന്ന ശീലം കുറേയായി ഉപേക്ഷിച്ചിട്ട്. വാരാന്ത്യത്തിൽ ഒരോട്ടപ്രദക്ഷിണം. ലോക്കൽ പെണ്ണുകേസുകൾ മുതൽ അന്താരാഷ്ട്രവാർത്തകൾവരെ, അന്നപൂർണയിലെത്തുന്ന പറ്റുകാരുടെ വർത്തമാനങ്ങൾക്കും വാക്കുതർക്കങ്ങൾക്കുമിടയിൽ നിന്നാണ് അപ്പുണ്ണേട്ടൻ പിടിച്ചെടുക്കുക.

അങ്ങനെയാണ് ഫ്ലാഷ് ന്യൂസായി വ്യാജമദ്യൻ കടന്നുവരുന്നത്. ആളൊഴിഞ്ഞ തക്കം നോക്കി ചായക്കടയുടെ മൂലയിലെ പനമ്പുകൊണ്ട് മറച്ച ഇൻറർനെറ്റ് കഫേയിലേക്ക് കയറി. നിലവിലുള്ള മദ്യപന്മാരോടോ, അവരെക്കൊണ്ട് ഉപജീവനം കഴിക്കുന്ന എക്സൈസുകാരോടോ, ഇവർക്കെല്ലാം ചൂട്ടുപിടിക്കുന്ന രാഷ്ട്രീയക്കാരോടോ, അവരുടെ തിണ്ണയിൽ ഊഴം കാത്തുകിടക്കുന്ന സാംസ്കാരിക നായകരോടോ-ആരോട് ആരാഞ്ഞാലാണ് കാര്യങ്ങൾക്കൊരു വ്യക്തത കിട്ടുക? ആണുങ്ങളായി ജീവിച്ചുമരിച്ച ചിലചുണക്കുട്ടികൾ ചരിത്രത്തിലെങ്കിലുമുണ്ടല്ലോ എന്നയാശ്വാസത്തോടെ യന്ത്രാസുരന് മുന്നിലിരുന്ന് മർമ്മങ്ങളിൽ വിരലമർത്തി.

ലൈനിൽ ആദ്യം കിട്ടിയത് എം. പി. നാരായണപ്പിള്ളയെയാണ്.

മദ്യത്തെക്കുറിച്ച് എൻെറ ലൈൻ മുൻപുതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. നല്ല കള്ള് ഉണ്ടാക്കിക്കൊടുക്കാനും അത് ഏത് പെട്ടിക്കടയിലും ഇഷ്ടംപോലെ ന്യായവിലയ്ക്ക് ലഭ്യമാക്കാനും കഴിഞ്ഞാൽ ഈ കളി നടപ്പില്ല. എക്സൈസ് വകുപ്പിലെ മിടുക്കന്മാർക്ക് അടുത്തൂൺ നൽകി കള്ളുകച്ചവടം നടത്താൻ പ്രേരിപ്പിക്കാവുന്നതാണ്. വാറ്റും നീറ്റുമെല്ലാം അവർക്കറിയാം.

നാരായണപിള്ള തിരക്കിലായിരുന്നു. പരലോകത്തുള്ള പല വി. ഐ. പി. മാരും കാത്തുനിൽക്കുന്നതുകൊണ്ട് പിന്നീട് കാണാമെന്ന് പറഞ്ഞ് ഒഴിഞ്ഞു.

അപ്പുണ്ണേട്ടൻ കാലത്തിൻെറ വെബ് സൈറ്റിൽ കുറേക്കൂടി പുറകോട്ട് പോയി. അപ്രതീക്ഷിതമായി തേടിയ വള്ളി തന്നെ കാലിൽ ചുറ്റി.

കുറുപ്പംവീട്ടിൽ കെ. എൻ. ഗോപാലപിള്ള കേരളമഹാചരിത്രവുമായി ലൈനിൽ കിട്ടി.

ഗോപാലപിള്ളച്ചേട്ടാ, കേരളത്തിലെന്തെങ്കിലും നല്ല മദ്യം കിട്ടിയിരുന്നോ?

കള്ളിൻെറയും നല്ല ചാരായത്തിൻെറയും സ്വർഗമായിരുന്നു അപ്പുണ്ണി കേരളം. നെങ്കള്, കരിമ്പിൻകള്, മധുരക്കള്, ഈള, പിറമ്പരക്കള്.....സോമലതയുടെ ചാറിൽ നിന്നെടുക്കുന്നത് പിറമ്പരക്കള്. കരിമ്പന, ചുണ്ടപ്പന, തെങ്ങ് എന്നിവയിൽനിന്നുമെടുക്കുന്നത് ഈള. മലരുപൊടിച്ച് ശർക്കരപ്പാനിയിൽ പാളയംതോടൻ പഴവുമായി ഞവുടിച്ചേർത്ത്, തേനും ഒഴിച്ച് അടച്ചുവെച്ചിരുന്ന് കുറേദിവസം കഴിഞ്ഞാൽ പൊരിങ്കള്. ശർക്കരപാനിയിൽ പാളയംതോടൻ പഴം ഞവുടിച്ചേർത്ത് തേനും ഒഴിച്ച് വെച്ചിരുന്ന് കുറച്ചുദിവസം കഴിഞ്ഞെടുത്ത് പിഴുത്തിച്ചക്കയോ, മാമ്പഴമോ, മാതള നാരങ്ങയോ, ചെറുനാരങ്ങയോ, വരിക്കച്ചക്കയുടെ പഴുത്ത ചുളയോ ഏതെങ്കിലും കൂട്ടിച്ചേർത്ത് കുരുമുളക്, ഇഞ്ചി, ഏലം, ഗ്രാമ്പൂ ഇവ കൂടിച്ചേർത്ത് ഉപയോഗിക്കുന്നതാണ് മധുരക്കള്. മൂക്കാത്ത നെല്ല് കൊയ്തെടുത്ത് ഇടിച്ച് ശുദ്ധജലത്തിൽ മൂന്നു ദിവസം അടച്ചുവെച്ച് വെള്ളം ഊറ്റിക്കളഞ്ഞാലുദിവസംകൂടി അടച്ചുവെച്ചാൽ നെക്കള്ളായി. കള്ള്, ചാരായം, പ്രത്യേക തരം ആസവങ്ങൾ-മലയാളിയുടെ മദ്യലോകം പൂർണമായിരുന്നു.

അന്വേഷണം മദ്യത്തെക്കുറിച്ചാണെന്നറിഞ്ഞതോടെ ലൈനിൽ രണ്ട് വി. ഐ. പി. കൾ കാത്തുനിൽക്കുന്നതായി വിവരം കിട്ടി. അപ്പുണ്ണേട്ടൻ ഒന്നു പകച്ചു. ആരെ ആദ്യം കൂപ്പിടണം?

ആദികള്ളുചെത്തുകാരനായ സാക്ഷാൽ വയനാട്ടുകുലവനെത്തന്നെ സ്ക്രീനിൽ കുടിവെച്ചു.

പരമശിവൻെറ പേഴ്സണൽ ചെത്തുകാരനായിരുന്ന എന്നെ ഭഗവാൻതന്നെയാണ് ഭൂമിമലയാളത്തിലേക്കയച്ചത്. നായാട്ടും മീൻപിടിത്തവുമായി വയനാട്ടിൽ കഴിഞ്ഞു. ശിവപെരുമാംക്കത് പിടിച്ചില്ല. കണ്ണുകൾ ചൂഴ്ന്നെടുത്തു. കൈയിലെ ചൂട്ടെടുത്ത് വലിച്ചെറിഞ്ഞു. ആദിപറമ്പിൽ കണ്ണനാണ് പീഠം നൽകി വയനാട്ടുകുലവനെ വരവേറ്റത്.

അക്കാലമെല്ലാം പോയി. ഇപ്പോൾ ഘോഷയാത്രകൾക്കു മുന്നിൽ കോലംകെട്ടാനും രാഷ്ട്രീയമാമാങ്ക

(ശേഷം 52-ൽ)

പഴമയിൽനിന്നൊരു കുടം നന്മകൾ

(49-ൽ നിന്നു തുടർച്ച)

ങ്ങൾക്ക് മുഖപ്പലകയാകാനുമാണ് വിധി. ചാലക്കടപ്പുറത്ത് നരിക്കൂട്ടത്തെ മന്ത്രിച്ചു വരുത്തി കോലത്തിരിയെ വിരട്ടിയോടിച്ചവനാണീ കുലവൻ. പൊന്നുതമ്പുരാന് മദ്യം വിളമ്പിയ അന്നു മുതൽ തുടങ്ങിയതാണീ ദുരന്തങ്ങൾ!

കുടിവെള്ളത്തിന് ക്ഷാമമാണെങ്കിലും പൊതുടാപ്പ് തുറന്നാൽ വ്യാജന്റെ ജലസേചനമാണല്ലോ ഇന്നെന്നോർത്ത് അപ്പുണ്ണിടെ വമനം നൊന്തു.

കാത്തുകാത്തിരുന്ന സാക്ഷാൽ കൗടില്യൻതന്നെ ലൈനിലെത്തി. ഈ ബുദ്ധിരാക്ഷസനെ എങ്ങനെ നേരിടുമെന്നോർത്ത് അപ്പുണ്ണ്യേട്ടൻ ഒന്നു പരുങ്ങി.

ചാണക്യൻ ഉവാച:

ക്രിസ്തുവിനും രണ്ടു നൂറ്റാണ്ട് മുൻപ് ഈയുള്ളവന്റെറയതായി ഒരു കൈക്കുക്കറ്റപ്പാടുണ്ടായിട്ടുണ്ട്. അർന്റേറതായി ഒരു കൈക്കുക്കറ്റപ്പാടുണ്ടായിട്ടുണ്ട്. അർഥശാസ്ത്രമെന്നോ മറ്റോ ആണിപ്പോഴതിന്റെറ നാമം....ചിലതൊക്കെ ചുരുക്കമായതിൽ പറഞ്ഞുവെച്ചിട്ടുണ്ട്... ശ്രദ്ധിച്ചു കേൾക്ക....

** നിശ്ചിതസ്ഥലത്ത് നിപുണന്മാരെക്കൊണ്ടല്ലാതെ ക്രയവിക്രയവും നിർമ്മാണവും പാടില്ല. ലംഘിച്ചാൽ നൂറുപണം പിഴ.

** മദ്യം ഗ്രാമത്തിന് പുറത്തോ, ഒരു വീട്ടിൽനിന്ന് മറ്റൊരു വീട്ടിലേക്കോ കടത്തുവാൻ പാടില്ല. എല്ലാവരും പാനശാലയിലിരുന്നേ കഴിക്കാവൂ.

** കേടുവന്നതൊഴികെ യാതൊരു വിധ സുരയും വിലകുറച്ചോ, കടമായോ കൊടുത്തുകൂടാ. കേടുവന്നതിനെ വാഹനങ്ങൾക്ക് പ്രതിപാനമായോ സൂകരപോഷണമായോ ഉപയോഗിക്കാം.

** പണിക്കൂലിയായി കിട്ടിയത്, പണയമായി ഏല്പിച്ചത്, മോഷ്ടിച്ചത് എന്നിവയാൽ മദ്യപിക്കാൻ വരുന്നവനെയും വരവില്ലാതെ ചെലവാക്കുന്നവനെയും പാനശാലയുടെ പുറത്തുവെച്ച് മടക്കി അയയ്ക്കണം.

** പാനശാലയിലെ അടഞ്ഞ മുറികൾക്കുള്ളിൽ സൗന്ദര്യവതികളായ ദാസിമാരെ ചാരപ്പണിക്ക് നിയോഗിക്കാവുന്നതാണ്.

** ഉത്സവങ്ങൾ, യാത്രകൾ, സമാജങ്ങൾ എന്നിവയിൽ നിശ്ചിത ദിവസങ്ങൾ കുടിക്കാനനുവദിക്കാവുന്നതാണ്.

** മദ്യം പലവിധം-മേദകം, പ്രസന്ന, ആസവം, അരിഷ്ടം, മധു.....

** കുടുംബികൾക്ക് വിവാഹാദിവേളകളിൽ ശ്വേതസുരയും ഔഷധത്തിനായി അരിഷ്ടവും മറ്റും ഉണ്ടാക്കാൻ അനുവദിക്കാവുന്നതാണ്.

** സുരയുടെയും കിണ്വ*ത്തിന്റെറയും കൂട്ടിക്കലർത്തൽ സ്ത്രീകളും കുട്ടികളുമാണ് ചെയ്യേണ്ടത്.

പറഞ്ഞുതീരുംമുൻപേ യന്ത്രം പിണങ്ങി.

മോണിട്ടർ ശുദ്ധശൂന്യമായി.

-ഇവിടിപ്പോൾ കച്ചവടവും കലർത്തലും വെറും സ്ത്രീയല്ല; 'സ്ത്രീകളിൽ ഉത്തമ' (ഹയറുന്നീസ) തന്നെയായിട്ടും എങ്ങനെ 'കയറുന്നീസ'യായി?

പതിവുപോലെ അപ്പുണ്ണ്യേട്ടൻ ചിന്താക്കുഴപ്പങ്ങളിലേക്കും കൗടില്യൻ ചരിത്രത്തിലേക്കും മടങ്ങി.

---

* കിണ്വം-സുരാബീജം
തോൽ കളഞ്ഞ ഉഴുന്നു പച്ചയോ പുഴുങ്ങിയതോ അരച്ചത് ഒരു ദ്രോണം. അരിമാവ് ഒരു ദ്രോണവും അതിന്റെറ മൂന്നിലൊന്നും മൊരടാദിഗണത്തിലെ മരുന്നുകൾ ഓരോ കർഷം പൊടിച്ചപൊടി സംഭാരം. ഇങ്ങനെ കൂട്ടുന്നതാണ് കിണ്വം.